11
2025
ഒക്ടോബർ
ശനി
കന്നി 25


NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 257 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-257 പേജ് 4. വില 2.00 രൂപ

02 സ്കൂൾ കായികമേള ഈ വർഷവും ഒളിമ്പികസ് മാതൃകയിൽ
03 കുടുംബശ്രീ 10,000 വനിതകൾക്ക് തൊഴിലൊരുക്കും
04 അഫ്ഗാൻ അതിർത്തിയിൽ പാക്കിസ്ഥാൻ ബോംബിങ്

# സ്വർണപ്പാളി വിവാദത്തിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചന: മുഖ്യമന്ത്രി



ന്യൂഡൽഹി: ശബരിമല സ്വർണപ്പാളി വിവാദത്തിൽ വീണ്ടും പ്രതികരണവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. സംഭവത്തിൽ നടന്ന ഗൂഢാലോചന അന്വേഷണത്തിൽ പുറത്തുവരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആഗോള അയ്യപ്പസംഗമം മറ്റൊരു തരത്തിൽ വഴിതിരിച്ചുവിടാനായിരുന്നു നീക്കം. ആർക്കൊക്കെ ഗൂഢാലോചനയിൽ പങ്കുണ്ട് എന്നതെല്ലാം അന്വേഷിക്കപ്പെടുമെന്നും മുഖ്യമന്ത്രി ഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ശബരിമലയിൽ എന്താണോ ക്രമക്കേട് ഉണ്ടായിട്ടുള്ളത് അതിന്മേലുള്ള കാര്യങ്ങൾ അന്വേഷിക്കാനാണ് പ്രത്യേക അന്വേഷണസംഘത്തെ നിയമിച്ചിട്ടുള്ളത്. ആർക്കെല്ലാം വീഴ്ചകൾ സംഭവിച്ചു എന്നത് കൃത്യമായി അന്വേഷിക്കും. കുറ്റവാളികളുണ്ടെങ്കിൽ അവരെല്ലാം നിയമത്തിൻറെ കരങ്ങളിൽപ്പെടും. ആവശ്യമായ ശിക്ഷ അവർക്ക് ഉറപ്പാക്കും.

ഹൈക്കോടതിക്ക് എല്ലാ സഹായവും ദേവസ്വം വകുപ്പും ബോർഡും നൽകും.സർക്കാർ ആവശ്യമായ എല്ലാ പിന്തുണയും നല്കി കഴിഞ്ഞു. ഇക്കാര്യത്തിൽ സർക്കാരിനും ഹൈക്കോടതിക്കും ഒരേ കാഴ്ചപ്പാടാണെന്നും അദ്ദേഹം പറഞ്ഞു.

വിഷയത്തിൽ ദേവസ്വം ബോർഡിന് വീഴ്ചയുണ്ടായെന്നത് എന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ആർക്കെങ്കിലും വീഴ്ചയുണ്ടോ എന്നത് ഒരു പ്രസ്താവനയിലൂടെ വ്യക്തമാക്കേണ്ടതല്ല. അന്വേഷണത്തിലൂടെ ആർക്കൊക്കെ വീഴ്ചയുണ്ടായി എന്നത് കണ്ടെത്തും. വിഷയം ശ്രദ്ധയിൽ പെട്ട ഉടനെ നടപടി തുടങ്ങിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

വ്യക്തമായ ഗൂഡലോചനയുടെ ഭാഗമായാണ് ഇതൊക്കെ നടന്നത്. അയ്യപ്പ ആഗോള സംഗമത്തെ മറ്റൊരു തലത്തിൽ എത്തിക്കുവാൻ ആണ് ആരോപണങ്ങൾ ഉന്നയിച്ചത്. ഉണ്ണികൃഷ്ണൻ പോറ്റിയെ പോലുള്ള അവതാരങ്ങൾ പലയിടത്തും ഉണ്ടാകും.ശ്രദ്ധിച്ചിരിക്കുകയാണ് വേണ്ടതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചില കാര്യങ്ങൾ കാണാനില്ലെന്ന് ഉണ്ണികൃഷ്ണൻ പോറ്റി ഒരു ദിവസം വെളിപ്പെടുത്തൽ നടത്തുകയാണ്. അതിൻറെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണം നടത്തിയത്. ശബരിമലയിലെ പീഠം അവിടുന്ന് മാറ്റിയെന്നും ഉണ്ണികൃഷ്ണൻ പോറ്റിയുടെ ബന്ധുവീട്ടിൽ എത്തിയെന്നും അങ്ങനെയാണ് കണ്ടെത്തിയത്. വ്യക്തമായ ഗൂഢാലോചനയുടെ ഭാഗമായി നടന്ന കാര്യങ്ങളാണിത്.

ആ ഘട്ടത്തിൽ നടന്ന ആഗോള അയ്യപ്പ സംഗമത്തെ മറ്റൊരുതരത്തിലേക്ക് എത്തിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായാണ് ഈ ആരോപണങ്ങൾ വന്നത്. അയ്യപ്പസംഗമം നടക്കാൻ പാടില്ലെന്ന് തീരുമാനിച്ചവരുണ്ട്. അവർ ബദൽ സംഗമം നടത്താനും തീരുമാനിച്ചു. അവർക്കൊക്കെയുള്ള പങ്ക് എന്താണെന്ന് അന്വേഷിക്കേണ്ടിവരും. ആരൊക്കെ നേരിട്ടും പുറത്തുനിന്നും സഹായിച്ചു എന്നത് അന്വേഷണം കൃത്യമായി പോകുമ്പോൾ തെളിയും. അവരെല്ലാം പിടിക്കപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# സ്വർണപ്പാളി കടത്തലിൽ വൻ ഗൂഢാലോചന: ഹൈക്കോടതിയിൽ അന്വേഷണ റിപ്പോർട്ട്

കൊച്ചി: ശബരിമലയിൽ സ്വർണപ്പാളി കാണാതായ സംഭവത്തിൽ ദേവസ്വം വിജിലൻസ് സംഘം ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫിസർ ഹൈക്കോടതിയിൽ നേരിട്ടു ഹാജരായാണ് മുദ്രവച്ച കവറിൽ റിപ്പോർട്ട് കൈമാറിയിരിക്കുന്നത്.

ശബരിമലയിലെ സ്വർണപ്പാളി കടത്തലിൽ വൻ ഗൂഢാലോചന നടന്നിട്ടുണ്ടെന്നാണ് ദേവസ്വം വിജിലൻസിൻറെ കണ്ടെത്തൽ. സ്വർണപ്പാളി കടത്താൻ 2017 മുതൽ ഗൂഢാലോചന നടന്നു. 1998 ൽ വിജയ് മല്യ ശബരിമല ശ്രീകോവിലിൽ സ്വർണം പൊതിഞ്ഞത് 24 കാരറ്റ് സ്വർണം ഉപയോഗിച്ചാണ്. കുടാതെ ദ്വാരപാലകശിൽപ്പങ്ങളിൽ ഉൾപ്പെടെ അന്ന് സ്വർണം പൊതിഞ്ഞിരുന്നുവെന്നാണ് ദേവസ്വം വിജിലൻസ് കണ്ടെത്തിയിരിക്കുന്നത്.

സ്വർണപ്പാളി മോഷണം നടന്നെന്നും കേസെടുത്ത് അന്വേഷിക്കണമെന്നുമാണ് വിജിലൻസിൻറെ കണ്ടെത്തൽ. സ്വർണം പൂശാനായി ചെന്നൈയിൽ എത്തിച്ചത് പുതിയ ചെമ്പ് പാളിയായിരുന്നുവെന്നാണ് സ്മാർട്ട് ക്രിയേഷൻസ് സിഇഒ പങ്കജ് ഭണ്ഡാരി വിജിലൻസിനു നൽകിയ മൊഴി. അവിടെ എത്തിച്ച ചെമ്പുപാളിക്ക് കാലപ്പഴക്കം ഇല്ലായിരുന്നുവെന്നും സിഇഒയുടെ മൊഴിയിലുണ്ട്.

ശബരിമലയിൽ നിന്ന് ഇളക്കിയ സ്വർണ്ണപ്പാളികൾ ചെന്നൈയിൽ എത്തിക്കുന്നതിനു മുൻപ് മറിച്ചു വിറ്റ ശേഷം പുതിയ ചെമ്പുപാളിയിൽ സ്വർണം പൂശി വാങ്ങി വന്നതാകാമെന്നാണ് വിജിലൻസിൻറെ നിഗമനം.

സ്വർണപ്പാളി കടത്തിനു പിന്നിൽ വലിയ ഗൂഢാലോചനയുണ്ടെന്നും ദേവസ്വം ബോർഡിലെ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഇതിൽ പങ്കുണ്ടെന്നും കേസെടുത്ത് അന്വേഷണം നടത്തണമെന്നുമാണ് വിജിലൻസ് സംഘം കോടതിയിൽ നൽകുന്ന റിപ്പോർട്ട്. അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ച ശേഷം പ്രത്യേക അന്വേഷണ സംഘം കേസെടുക്കും.

കോടതി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘത്തലവൻ ക്രമസമാധാനചുമതലയുള്ള എഡിജിപി. എച്ച്. വെങ്കിടേഷിൻറെ നേതൃത്വത്തിലുള്ള സംഘം ദേവസ്വം വിജിലൻസിൽ നിന്നു കഴിഞ്ഞ ദിവസം വിവരശേഖരണം നടത്തിയിരുന്നു. എസ്ഐടിയിലെ അന്വേഷണ ഉദ്യോഗസ്ഥനായ പോലീസ് ട്രെയിനിംഗ് കോളജ് അസി. ഡയറക്ടർ എസ്.ശശിധരൻ ജസ്റ്റീസുമാരായ രാജാ വിജയരാഘവൻ, കെ.വി.ജയകുമാർ എന്നിവരടങ്ങുന്ന ദേവസ്വം ബെഞ്ചിനു മുമ്പാകെ ഹാജരായി.

# ഗാസയിൽ വെടിനിർത്തൽ; ബന്ദിമോചനം തിങ്കളാഴ്ചയോടെ

ഷാം എൽ ഷേഖ്:രണ്ടു വർഷം പിന്നിട്ട ഗാസ യുദ്ധം അവസാനിപ്പിക്കാൻ വഴി തെളിച്ച് ഇസ്രയേലും ഹമാസ് ഭീകരരും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് നിർദേശിച്ച വെടിനിർത്തൽ പദ്ധതിയുടെ ഒന്നാം ഘട്ടം അംഗീകരിച്ചു.

ഇതു പ്രകാരം ഹമാസിൻറെ കസ്റ്റഡിയിൽ ജീവനോടെയുള്ള 20 ഇസ്രേലി ബന്ദികളെ ഉടൻ മോചിപ്പിക്കും. പകരമായി ഇസ്രേലി സേന ഗാസയുടെ ചില ഭാഗങ്ങളിൽനിന്നു പിന്മാറുകയും ഇസ്രേലി ജയിലുകളിലുള്ള 2,000 പലസ്തീൻ തടവുകാരെ വിട്ടയയ്ക്കുകയും ചെയ്യും.

ഈജിപ്തിലെ ഷാം എൽ ഷേഖിൽ തിങ്കളാഴ്ച മുതൽ നടക്കുന്ന വെടിനിർത്തൽ ചർച്ചയിലാണു സുപ്രധാന തീരുമാനം. പ്രസിഡൻറ് ട്രംപ് ആണ് ഇക്കാര്യം ആദ്യം പുറംലോകത്തെ അറിയിച്ചത്. ഗാസയിലെ എല്ലാ ബന്ദികളും തിങ്കളാഴ്ചയോടെ മോചിതരാകുമെന്നു ട്രംപ് പറഞ്ഞു.

ലോകനേതാക്കളും ധാരണയെ സ്വാഗതം ചെയ്തു. ഇസ്രയേലിലും പലസ്തീൻ പ്രദേശങ്ങളിലും ജനങ്ങൾ ആഹ്ലാദപ്രകടനം നടത്തി.

അതേസമയം, ധാരണയുടെ വിശദാംശങ്ങൾ പുറത്തുവന്നിട്ടില്ല. യുദ്ധാനന്തര ഗാസയുടെ ഭരണം സംബന്ധിച്ച കാര്യങ്ങളിലും തീരുമാനമായിട്ടില്ല.

ഇന്നലെ രാത്രി ചേർന്ന ഇസ്രേലി കാബിനറ്റ് യോഗം വെടിനിർത്തൽ ധാരണ ചർച്ച ചെയ്തു.കാബിനറ്റിൻറെ അംഗീകാരം ലഭിച്ചാൽ യോഗത്തിനു ശേഷം 24 മണിക്കൂറിനകം വെടിനിർത്തൽ പ്രാബല്യത്തിലാകും.വെടിനിർത്തലുണ്ടായി 24 മണിക്കൂറിനകം ഇസ്രേലി സേന ഗാസയിൽനിന്നു പിന്മാറുമെന്നാണ് വൈറ്റ് ഹൗസ് വൃത്തങ്ങൾ സൂചിപ്പിച്ചത്. സേനാപിന്മാറ്റം പൂർത്തിയായി 72 മണിക്കൂറിനുള്ളിൽ ഹമാസ് ബന്ദികളെ മോചിപ്പിക്കണം. വെടിനിർത്തൽ പ്രാബല്യത്തിലായി ആദ്യ അഞ്ചു ദിവസം പ്രതിദിനം 400 ട്രക്ക് സഹായവസ്തുക്കൾ ഇസ്രയേൽ ഗാസയ്ക്ക് അനുവദിക്കും. തുടർന്നുള്ള ദിവസങ്ങളിൽ ട്രക്കുകളുടെ എണ്ണം 600 ആയി വർധിപ്പിക്കും. ഗാസയിലെ ഇസ്രേലി സേനയുടെ പിന്മാറ്റവും സഹായവിതരണവും ധാരണയിൽ ഉൾപ്പെടുന്നതായി ഹമാസ് സ്ഥിരീകരിച്ചു.

ട്രംപ് മുന്നോട്ടുവച്ച 20 ഇന വെടിനിർത്തൽ പദ്ധതിയാണ് ഈജ്പതിൽ ചർച്ച ചെയ്യുന്നത്. നോർവേയിൽ ഇന്ന് സമാധാന നൊബേൽ പുരസ്കാരം പ്രഖ്യാപിക്കാനിരിക്കേയാണ് ഈജിപ്തിൽനിന്നു ശുഭവാർത്തയുണ്ടായത്.

2023 ഒക്ടോബർ ഏഴിനു ഹമാസ് ഭീകരർ ഇസ്രയേലിൽ നടത്തിയ ആക്രമണത്തിൽ 1,200 പേരാണു കൊല്ലപ്പെട്ടത്. 251 പേരെ ബന്ദികളാക്കി.

## പ്രത്യാശയുടെ വർണ്ണോൽസവം

തിരുഫ്ലോറയുടെ നേതൃത്വത്തിൽ ഇരുപതോളം പ്രമുഖ കലാകാരന്മാർ യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവചരിത്രം അടങ്ങിയ 80 ഓളം ചിത്രങ്ങൾ പ്രത്യാശയുടെ വർണ്ണോത്സവം എന്ന പേരിൽ പെയിൻറിംഗ് എക്സിബിഷൻ 2025 ഒക്ടോബർ 10, 11, 12, 13 തീയതികളിൽ തിരുവനന്തപുരം YMCA ഹാളിൽ നടത്തുന്നു.

ഉദ്ഘാടനം ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, മുഖ്യാതിഥി ഡോക്ടർ ജോർജ്ജ് ഓണക്കൂർ, ബി.ഡി. ദത്തൻ, ആരുനാട് രാജേന്ദ്രൻ, സൂര്യ കൃഷ്ണമൂർത്തി തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്നു.




# പ്രിസില്ല അർണോൾഡിന് മിസിസ് കേരള 2025 കിരീടം



കൊല്ലം :ശക്തികുളങ്ങര അമ്മാണ്ടു വീട്ടിൽ കടയിൽ ശ്രീ. ഫ്രാൻസിസ് ലാസർ മാർഗരറ്റ് ഫ്രാൻസിസ് ദമ്പതികളുടെ ഇളയമകൻ ക്വാളിറ്റി എൻജിനീയർ ലാസ്സർ ഫ്രാൻസ് ന്റെ ഭാര്യ പ്രിസില്ല അർണോൾഡ്, മിസ്സ് കേരള 2025 കിരീടം ചൂടിയെന്നത്, ശക്തികുളങ്ങരയ്ക്കു അഭിമാന നിമിഷമായി.

പ്രാദേശികം , ദേശീയം , അന്തർ ദേശീയ മേഖലകളിൽ, നാടിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ വ്യത്യസ്ത കർമ്മപഥങ്ങളിൽ കയ്യൊപ്പ് ചാർത്തിയിട്ടുണ്ടു...

തിരുവനന്തപുരത്തെ പോങ്ങുമൂട് സ്വദേശിനിയായ പ്രിസില്ല, അദ്ധ്യാപക ദമ്പതികളായ ശ്രീ. അർണോൾഡ് ജോസ്, ശ്രീമതി. മേർസി ഇറാനി എന്നിവരുടെ മകളാണ്.

തിരുവനന്തപുരം, മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം,

പ്രിസില്ല ഇപ്പോൾ യു.എ.ഇയിലെ ജബൽ അലിയിൽ കെമിക്കൽ ലോജിസ്റ്റിക്സ് മേഖലയിൽ കസ്റ്റമർ ഡെവലപ്മെന്റ് ലീഡായി പ്രവർത്തിക്കുന്നു.

പഠനത്തോടൊപ്പം ഒരു വ്യാഴവട്ടകാലം ശാസ്ത്രീയ സംഗീതത്തിലും നൃത്തത്തിലും താല്പര്യം പുലർത്തിയ പ്രിസില്ല, സ്കൂൾ കലാതിലകമായി മികവ് തെളിയിച്ചിട്ടുണ്ട്.

സംഗീതത്തോടും നൃത്തത്തോടുമുള്ള അതിയായ പ്രണയം കാരണം അവർ തൊഴിലും കുടുംബജീവിതവും കലയുമായ് സമന്വയിപ്പിക്കുന്ന സ്ത്രീകളുടെ പ്രചോദനമായിരിക്കുന്നു.

അബുദാബിയിലെ ശക്തികുളങ്ങര ബ്രദേഴ്സ് അസോസിയേഷൻ പ്രവർത്തനങ്ങളിലും വിവിധ കുടുംബവേദികളിലും സജീവമായി പങ്കെടുക്കുന്ന പ്രിസില്ല,നല്ലൊരു അവതാരകയും (മോഡറേറ്റർ) മികച്ചൊരു കലാകാരിയും കൂടിയാണ്.

ജീവിതത്തിലെ വിവിധ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രിസില്ല അർണോൾഡിനു ശക്തികുളങ്ങര നാടിന്റെയും ഗ്രാമഫോൺ ഗ്രൂപ്പിന്റെയും അഭിനന്ദനങ്ങൾ



## സമാധാന നൊബേൽ മരിയ കൊറീന മചാഡോയ്ക്ക്

സ്റ്റോക്ഹോം: 2025ലെ സമാധാന നൊബേൽ മരിയ കൊറീന മചാഡോയ്ക്ക്. വെനസ്വേലയിലെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും സ്വേച്ഛാധിപത്യത്തിൽ നിന്നു ജനാധിപത്യത്തിലേക്കുള്ള അധികാരക്കൈമാറ്റത്തിനും നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം. വെനസ്വലയിലെ പ്രതിപക്ഷ നേതാവാണ് മചാഡോ. വെനസ്വലയിലെ ചിതറിക്കിടന്ന പ്രതിപക്ഷ കക്ഷികളെ ഒന്നിപ്പിക്കുന്നതിൽ നിർണായക പങ്കാണ് മചാഡോ വഹിച്ചത്. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് സമാധാന നൊബേലിനായി ഏറെ വാദിച്ചെങ്കിലും നിരാശനായി.



# സംസ്ഥാന സ്കൂൾ കായികമേള ഈ വർഷവും ഒളിമ്പിക്സ് മാതൃകയിൽ; ഭാഗ്യചിഹ്നം മന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്തു

## ഒക്ടോബർ 21ന് ആരംഭിക്കുന്ന മേളയിൽ ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസൺ ബ്രാൻഡ് അംബാസിഡർ

സംസ്ഥാന സ്കൂൾ കായിക മേളയുടെ ഭാഗ്യചിഹ്നത്തിന്റെ പ്രകാശനം മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. ഈ വർഷത്തെ ഭാഗ്യചിഹ്നം 'തങ്കു' എന്ന മുയൽ ആണ്. ഇന്ത്യൻ ക്രിക്കറ്റ് തരാം സഞ്ജു സാംസണിനെ സ്കൂൾ ഒളിമ്പിക്സിൻറെ ബ്രാൻഡ് അംബാസിഡറായി മന്ത്രി പ്രഖ്യാപിച്ചു.

മുൻ വർഷത്തെ പോലെ തന്നെ 'സംസ്ഥാന സ്കൂൾ കായിക മേള 2025' ഒളിമ്പിക്സ് മാതൃകയിൽ തിരുവനന്തപുരത്ത് വച്ച് ഒക്ടോബർ 21 മുതൽ 28 വരെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരം ശിക്ഷക് സദനിൽ നടന്ന വാർത്താസമ്മേളനത്തിൽ അറിയിച്ചു. 2024-ൽ ഒളിമ്പിക്സ് മാതൃകയിൽ കൊച്ചിയിൽ മേള സംഘടിപ്പിച്ചിരുന്നു.

സ്കൂൾ കായിക മേളയിൽ അണ്ടർ 14, 17, 19 കാറ്റഗറികളിലും അതോടൊപ്പം സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളും ഉൾപ്പെടെ ഇരുപതിനായിരത്തോളം കായിക പ്രതിഭകൾ ഒരുമിക്കുമെന്ന് മന്ത്രി അറിയിച്ചു. സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ദേശീയ സ്കൂൾ മീറ്റ് ഷെഡ്യൂളിന് അനുസൃതമായി 39 സ്പോർട്സ്, ഗെയിംസ് മത്സരങ്ങളുടെ ഷെഡ്യൂൾ തയ്യാറാക്കുകയും ഗ്രൂപ്പ് 1 & 2 മത്സരങ്ങൾ കണ്ണൂർ, കൊല്ലം ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രൂപ്പ് 3 & 4 മത്സരങ്ങൾ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ വരും ദിവസങ്ങളിൽ പൂർത്തിയാകും. ഈ മത്സരങ്ങളുടെ നാഷണൽ മത്സരങ്ങൾ സ്കൂൾ ഒളിമ്പിക്സിന് മുൻപ് നടത്താൻ എസ്.ജി.എഫ്.ഐ. തീരുമാനിച്ചത് കൊണ്ടാണ് ഇവ നേരത്തെ നടത്തേണ്ടി വന്നത്.

മുൻ വർഷത്തെക്കാൾ മികവോടെ സ്കൂൾ ഒളിമ്പിക്സ് മേള സംഘടിപ്പിക്കുന്നതിനു സർക്കാർ / സർക്കാർ ഇതര സംവിധാനങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. തിരുവനന്തപുരം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും 12 സ്റ്റേഡിയങ്ങളിലായി പകലും രാത്രിയുമായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം നഗരമധ്യത്തിലെ സെൻട്രൽ സ്റ്റേഡിയമാണ് നിലവിൽ പ്രധാന വേദിയായി നിശ്ചയിച്ചിട്ടുള്ളത്. ഈ സ്റ്റേഡിയത്തിൽ താത്കാലിക ഇൻഡോർ സ്റ്റേഡിയങ്ങൾ ജർമ്മൻ ഹാങ്ങർ പന്തൽ ഉപയോഗിച്ച് നിർമിച്ച് ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ പോപ്പുലർ ആയിട്ടുള്ള 12 ഓളം കായിക ഇനങ്ങൾ ഒരുമിച്ച് സംഘടിപ്പിക്കുന്നു. കേരളത്തിൽ തന്നെ ആദ്യമായാണ് ഇത്തരത്തിൽ ഒരു സംവിധാനം ഒരുങ്ങുന്നത്.

ഏകദേശം ആറായിരത്തിലധികം കുട്ടികളെ സെൻട്രൽ സ്റ്റേഡിയത്തിലെ വേദിയിൽ പ്രതീക്ഷിക്കുന്നുണ്ട്.മുൻ വർഷങ്ങളിലെ പോലെ തന്നെ ഇത്തവണയും മത്സരങ്ങൾ ദേശീയ നിലവാരത്തിലുള്ള കളിസ്ഥലങ്ങളിലാണ് സംഘടിപ്പിക്കുന്നത്. ഒളിമ്പിക്സ് മാതൃകയിൽ രണ്ടാമത് സംഘടിപ്പിക്കുന്ന 67-മത് സ്കൂൾ കായികമേളയുടെ ഭാഗമായി വിവിധ പരിപാടികളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്നത്. വർണ്ണശബളമായ വിളംബര ഘോഷയാത്ര ഒരാഴ്ച മുമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചതായി മന്ത്രി അറിയിച്ചു. കൂടാതെ പ്രൗഢഗംഭീരമായ ഉദ്ഘാടന ചടങ്ങ്, കായിക പ്രതിഭകൾ സംഗമിക്കുന്ന മാർച്ച് പാസ്റ്റ്, രാജ്യാന്തര കായിക താരങ്ങളും കായിക പ്രതിഭകളും സംഗമിക്കുന്ന ദീപശിഖാ പ്രയാണം എന്നിവയും ഈ കായിക മാമാങ്കത്തിനു മാറ്റുകൂട്ടും.

മുൻ സ്കൂൾ ഒളിമ്പിക്സ് വേദിയായ മഹാരാജാസ് ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച് ഈ വർഷത്തെ പ്രധാന വേദിയിൽ സമാപിക്കുന്ന രീതിയിൽ ആകും ദീപശിഖാ പ്രയാണം സംഘടിപ്പിക്കുന്നത്. ഇത്തവണ കുട്ടികളിൽ നിന്നാണ് ഒളിമ്പിക്സ് തീം സോംഗ് തെരഞ്ഞെടുക്കുന്നത്. ഒളിമ്പിക്സ്, ഏഷ്യാഡ് തുടങ്ങിയ അന്താരാഷ്ട്ര സ്പോർട്സ് മേളകളിൽ അതത് രാജ്യങ്ങളുടെ സംസ്കാരം വിളിച്ചോതുന്ന പരിപാടികളാണ് ഉദ്ഘാടന വേളയിൽ സംഘടിപ്പിക്കാറുള്ളത്. ഇതു പോലെയായിരിക്കും സംസ്ഥാന സ്കൂൾ കായികമേളയുടെയും ഉദ്ഘാടന ചടങ്ങും.

ഉദ്ഘാടന ചടങ്ങിനൊപ്പമുള്ള മാർച്ച് പാസ്റ്റിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഉൾപ്പെടെ നാലായിരത്തി അഞ്ഞൂറ് പേർ പങ്കെടുക്കും. കൂടാതെ എസ്.പി.സി., എൻ.സി.സി. ബാൻഡ്, മാസ് ഡ്രിൽ എന്നിവയുടെ അകമ്പടിയും ഉണ്ടാകും. സ്വർണ്ണകപ്പ് ഘോഷയാത്ര, ദീപ ശിഖാ പ്രയാണം എന്നിവയ്ക്ക് ഒപ്പം തെരുവു നാടകങ്ങൾ, ഫ്ളാഷ് മോബുകൾ എന്നിവയും നടത്തും. അതോടൊപ്പം കലാ സന്ധ്യകൾ, സാഹസിക കായിക ഇനങ്ങളുടെ പ്രദർശനം, സ്പോർട്സ് സ്റ്റാളുകൾ, ഫുഡ് ഫെസ്റ്റിവലുകൾ, നൈറ്റ് ബാൻഡ് എന്നിവ കൂടി സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.



മത്സരങ്ങളുടെ പൂർണ്ണമായ ലൈവ് ടെലക്കാസ്റ്റ് കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി നടത്തും. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി എണ്ണൂറോളം ഉദ്യോഗസ്ഥർ, മുന്നൂറ്റി അമ്പതോളം സെലക്ടർമാർ, രണ്ടായിരത്തോളം വോളണ്ടിയേഴ്സ്, ഇരുന്നൂറ് സാങ്കേതിക വിദഗ്ധർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

നഗരത്തിലെ തിരഞ്ഞെടുക്കപ്പെട്ട എഴുപത്തിയഞ്ചോളം സ്കൂളുകളിൽ പതിനെണ്ണായിരത്തിയഞ്ഞൂറോളം കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

പ്രസ്തുത സ്കൂളുകളിലെയും ആവശ്യമെങ്കിൽ മറ്റ് സ്കൂളുകളിലെയും ബസ്സുകൾ കുട്ടികളുടെ ഗതാഗത സൗകര്യത്തിനായി ഉപയോഗപ്പെടുത്തും. ഗതാഗത സൗകര്യത്തിനായി ഇരുന്നൂറോളം ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്കും കൂടാതെ ഉദ്യോഗസ്ഥർക്കുമായി വിപുലമായ ഭക്ഷണ സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്.

നഗരം കേന്ദ്രീകരിച്ചുള്ള വേദികളിലെ കുട്ടികൾക്ക് ഭക്ഷണത്തിനായി തൈക്കാട് പോലീസ് മൈതാനത്തിൽ വമ്പൻ അടുക്കളയും ഭോജനശാലയും ഒരുങ്ങും. കൂടാതെ ജി. വി. രാജാ സ്കൂൾ, പിരപ്പൻകോട്, തുമ്പ സെൻറ് സേവിയേഴ്സ്, കാലടി തുടങ്ങി നാല് സ്ഥലങ്ങളിൽ കൂടി ഭക്ഷണ ശാലകൾ പ്രവർത്തിപ്പിക്കും. വെള്ളായണി കാർഷിക കോളേജിൽ കാലടിയിലെ ഭക്ഷണശാലയിൽ നിന്നാകും ഭക്ഷണം ലഭ്യമാക്കുക. എല്ലാ വേദികളിലും കൃത്യസമയത്ത് ഭക്ഷണം, വെള്ളം മറ്റു സൗകര്യങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സരത്തിൻറെ സുഗമമായ നടത്തിപ്പിന് വിപുലമായ സംഘാടക സമിതിയും പതിനാറ് സബ് കമ്മിറ്റികളും രൂപീകരിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തമ്പാനൂർ മാഞ്ഞാലിക്കുളത്തെ ശിക്ഷക് സദനിൽ സ്കൂൾ കായികമേളയുടെ സംഘാടക സമിതി ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മത്സരത്തിൻറെ വിജയകരമായ നടത്തിപ്പിന് സംസ്ഥാന സർക്കാരിൻറെ എല്ലാ വകുപ്പുകളുടെയും സംസ്ഥാന ജില്ല സ്പോർട്സ് കൗൺസിൽ, ട്രിഡ, തിരുവനന്തപുരം കോർപ്പറേഷൻ, ടഅക, തിരുവനന്തപുരം ജില്ലാ ഭരണകൂടം തുടങ്ങിയവയുടെ സഹകരണവും ഏകോപനവും ആവശ്യമാണ്.

കഴിഞ്ഞ സ്കൂൾ കായിക മേളയിൽ സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ കുട്ടികൾക്കു കൂടി കായികമായ അവസരങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഇൻക്ലൂസീവ് സ്പോർട്സും നടത്തിയിരുന്നു. 67-മത് സംസ്ഥാന സ്കൂൾ ഒളിമ്പിക്സിലും ഇൻക്ലൂസീവ് സ്പോർട്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഇൻക്ലൂസീവ് സ്പോർട്സിൽ ഇത്തവണ ആൺകുട്ടികൾക്കായി ക്രിക്കറ്റ്, പെൺകുട്ടികൾക്കായി ബോസെ എന്നിങ്ങനെ രണ്ട് കായിക ഇനങ്ങൾ കൂടി ഇൻക്ലൂസീവ് സ്പോർട്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഭിന്നശേഷിക്കാരായ കുട്ടികളുടെ അത്‌ലറ്റിക്സ് മത്സരങ്ങൾ ചന്ദ്രശേഖരൻ നായർ മൈതാനത്തിലും ഫുട്ബാൾ മത്സരം യുണിവേഴ്സിറ്റി മൈതാനത്തിലും ബാഡ്മിൻറൺ മത്സരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലും ക്രിക്കറ്റ് മത്സരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിലും ഹാൻഡ് ബോൾ വെള്ളായണി കാർഷിക കോളേജ് മൈതാനത്തിലും ബോസെ മത്സരം സെൻട്രൽ സ്റ്റേഡിയത്തിലും നടക്കും. മുൻ വർഷത്തിൽ നിന്നും കൂടുതൽ സുഗമമായും കുട്ടികൾക്ക് യാതൊരു വിധത്തിലും ഉള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാതെയും ഈ മെഗാ ഈവൻറ് സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തുടക്കം കുറിച്ച് കഴിഞ്ഞു. വ്യത്യസ്ത കഴിവുകൾ ഉള്ള ഈ കുട്ടികൾക്ക് ഇത്തവണയും യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ ഒളിമ്പിക്സ് മാതൃകയിലെ സംസ്ഥാന സ്കൂൾ ഗെയിംസിൽ പങ്കെടുക്കാൻ സാധിക്കും.

കേരള സംസ്ഥാന സിലബസ് പ്രകാരം യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ ഏഴ് സ്കൂളുകളിലായി പഠിക്കുന്ന കുട്ടികളെ കഴിഞ്ഞ വർഷത്തെ ഒളിമ്പിക്സ് മാതൃകയിലെ സ്കൂൾ കായിക മേളയിൽ പങ്കെടുപ്പിച്ചിരുന്നു.കഴിഞ്ഞ വർഷം ആൺകുട്ടികൾ മാത്രമാണ് പങ്കെടുത്തിരുന്നത് എങ്കിൽ ഇത്തവണ പെൺകുട്ടികൾ കൂടി പങ്കെടുക്കുന്നു എന്ന പ്രത്യേകതയും ഉണ്ട്. യു.എ.ഇയിലെ കേരള സിലബസിൽ പഠിക്കുന്ന കുട്ടികളിലെ സ്കൂൾ വിജയികളെ ഉൾപ്പെടുത്തി അവർക്കിടയിൽ ഒരു ക്ലസ്റ്റർ മത്സരം നടത്തുകയും വിജയികളെ സംസ്ഥാന സ്കൂൾ കായിക മേളയിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

സ്കൂൾ ഒളിമ്പിക്സ് മീഡിയ റൂമിൻറെ ഉദ്ഘാടനം ഭഗസ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ നിർവഹിച്ചു. സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൻറെ പ്രമോ വീഡിയോയും മന്ത്രി പ്രകാശനം ചെയ്തു.സ്കൂൾ ഒളിമ്പിക്സിൻറെ ഭാഗ്യചിഹ്നം തങ്കുവിൻറെ പ്രമോ വീഡിയോ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എൻ എസ് കെ ഉമേഷ് പ്രകാശനം ചെയ്തു.

# ഗാന്ധിയൻ ആശയങ്ങൾക്ക് പ്രസക്തിയേറി : മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

ഗാന്ധിയൻ ദർശനങ്ങൾക്കും ആശയങ്ങൾക്കും ഇന്നത്തെ സമൂഹത്തിൽ പ്രസക്തിയേറിയതായി മ്യൂസിയം, പുരാരേഖാ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. സംസ്ഥാന പുരാരേഖാ വകുപ്പ് താളിയോല രേഖാ മ്യൂസിയത്തിൽ സംഘടിപ്പിച്ച ഗാന്ധി സ്മൃതി ചിത്ര പ്രദർശനത്തിന്റെയും, ചരിത്രരേഖാ പ്രദർശനത്തിന്റെയും സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മഹാത്മാ ഗാന്ധിയുടെ ചിത്രം വരച്ചായിരുന്നു ഉദ്ഘാടനം.

ഗാന്ധി ദർശനങ്ങളും കാഴ്ചപ്പാടുകളും മനുഷ്യരെ യോജിപ്പിച്ചു കൊണ്ടു പോകാനുള്ള മികച്ച ആശയങ്ങളാണ്. ലോകസമാധാനത്തിന് ഭീഷണികൾ ഉയരുമ്പോൾ, അവിടെയെല്ലാം ഗാന്ധിജിയുടെ ദർശനങ്ങൾക്ക് പ്രസക്തിയുണ്ട്. സമത്വത്തിന്റെയും സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും ഉപദേശങ്ങൾ ഗാന്ധിജി നൽകിയിട്ടുണ്ട്. യുവതലമുറയിൽ ഉത്തരവാദിത്ത ബോധവും അച്ചടക്കവും വളർത്താൻ ഗാന്ധിയൻ ആശയങ്ങൾ മനസിലാക്കുന്നതിലൂടെ സാധിക്കും. രാഷ്ട്ര പിതാവായ ഗാന്ധിജിയെപ്പറ്റി വിദ്യാർത്ഥികൾ കൂടുതലായി പഠിക്കണം. സമാധാനമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ മുന്നോട്ടു നയിക്കാനുള്ള അവബോധം വിദ്യാർത്ഥികൾ നേടണം. ഇത്തരം പ്രദർശങ്ങളും ഓർമ്മച്ചടങ്ങുകളും വഴി പുതിയ തലമുറയെ ഗാന്ധിയൻ പാതയിലേക്ക് നയിക്കാനുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.

ഗാന്ധി ലോകരാധ്യനായ വ്യക്തിത്വമാണ്. ഗാന്ധിക്ക് ജന്മം നൽകിയ നാടിനും ഗാന്ധിയൻ ദർശനങ്ങൾക്കും കാഴ്ചപ്പാടുകൾക്കും ചരിത്രത്തിൽ വലിയ സ്ഥാനമുണ്ട്.

ഗാന്ധിജിയുടെ ജീവിത സമർപ്പണത്തിലൂടെയാണ് നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യവും ജനാധിപത്യ അവകാശങ്ങളും മതേതരത്വവും പരമാധികാരവും ലഭിക്കുന്നതിന് കാരണമായത്. ലോകത്തിലെ ഏറ്റവും വലിയ അധികാരശക്തിയായ ബ്രിട്ടീഷ് സാമ്രാജ്യത്തിന് പോലും ഗാന്ധിജിയുടെ ആശയങ്ങൾക്ക് മുന്നിൽ കീഴടങ്ങേണ്ടി വന്നതായും മന്ത്രി ഓർമ്മിപ്പിച്ചു.

ഗാന്ധിജിയുടെ ജീവിതവും ആശയവും എന്ന വിഷയത്തിൽ മന്ത്രി വിദ്യാർത്ഥികളുമായി സംവദിച്ചു. ക്വിസ് മത്സര വിജയികൾക്കുള്ള പുരസ്കാരം മന്ത്രി സമ്മാനിച്ചു. ആർക്കിവിസ്റ്റ് സി രതീഷ് സ്വാഗതം ആശംസിച്ച ചടങ്ങിൽ പുരാരേഖാ വകുപ്പ് ഡയറക്ടർ പാർവതി എസ് അധ്യക്ഷത വഹിച്ചു.



ഗാന്ധി സ്മൃതി ചിത്രപ്രദർശനത്തിന്റെ സമാപനം ഗാന്ധിജിയുടെ ചിത്രം വരച്ച് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു.

# ക്ഷീരസഹകരണ മേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യമിട്ട് 'സഹകരണത്തിലൂടെ സമൃദ്ധി' സംസ്ഥാനതല സെമിനാർ

## ദേശീയ ക്ഷീരവികസന ബോർഡും മിൽമയും സംയുക്തമായി സംഘടിപ്പിക്കുന്ന സെമിനാർ ഇന്ന്

തിരുവനന്തപുരം: ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച അന്താരാഷ്ട്ര സഹകരണ വർഷത്തോടനുബന്ധിച്ച് ദേശീയ ക്ഷീരവികസന ബോർഡും (എൻഡിഡിബി) മിൽമയും സംയുക്തമായി 'സഹകരണത്തിലൂടെ സമൃദ്ധി' എന്ന വിഷയത്തിൽ സംസ്ഥാനതല ഏകദിന സെമിനാർ സംഘടിപ്പിക്കും.

ഇന്ന് (ഒക്ടോബർ 11) രാവിലെ 10 ന് തിരുവനന്തപുരം പാളയം കേരള ബാങ്ക് ഓഡിറ്റോറിയത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി സെമിനാർ ഉദ്ഘാടനം ചെയ്യുമെന്ന് മിൽമ ചെയർമാൻ കെ.എസ് മണി പത്രസമ്മേളനത്തിൽ പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിൽ സഹകരണ ദേവസ്വം മന്ത്രി വി.എൻ വാസവൻ മുഖ്യപ്രഭാഷണം നടത്തും.സഹകരണ മേഖലയിലെ നേട്ടങ്ങളും അനുഭവങ്ങളും പങ്കുവച്ച് ഭാവി പുരോഗതി ചർച്ച ചെയ്യാനുള്ള പ്രധാന വേദിയായി സെമിനാർ മാറും. എൻഡിഡിബി, മിൽമ, ക്ഷീര വികസന വകുപ്പ്, നബാർഡ്, കേരള ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യുഎൽസിസിഎസ്), എൻഎസ് സഹകരണ ആശുപത്രി തുടങ്ങിയ സഹകരണ മേഖലകളിൽ നിന്നുള്ള വിദഗ്ധർ സെമിനാറിലെ ചർച്ചകൾ നയിക്കും. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകൾക്കും സെമിനാർ വഴിയൊരുക്കും.ക്ഷീര മേഖല, ബാങ്കിംഗ്, ആരോഗ്യ സംരക്ഷണം, തൊഴിൽ തുടങ്ങി വിവിധ സഹകരണ മേഖലകളിലെ വിദഗ്ധരെ ഒരുമിപ്പിക്കുകയും അതുവഴി പരസ്പര സഹകരണം, വിജ്ഞാനകൈമാറ്റം ഇവയിലൂടെ ക്ഷീരസഹകരണ മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് വേദിയൊരുക്കുകയുമാണ് സെമിനാറിൻറെ പ്രധാന ലക്ഷ്യമെന്ന് കെ.എസ് മണി പറഞ്ഞു. ദേശീയ ക്ഷീരവികസന ബോർഡിൻറെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഓപ്പറേഷൻ ഫ്ളഡ് എന്ന ഗ്രാമ വികസന പദ്ധതിയാണ് ഇന്ത്യയിലെ ധവള വിപ്ലവത്തിനു നാന്ദി കുറിച്ചത്. മലയാളിയും ധവള വിപ്ലവത്തിൻറെ പിതാവുമായ വർഗീസ് കുര്യൻ ദേശീയ ക്ഷീരവികസന ബോർഡിൻറെ നെടുംതൂണായി പ്രവർത്തിച്ചത് അഭിമാനകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സെമിനാർ ഉദ്ഘാടന ചടങ്ങിൽ ദേശീയ ക്ഷീരവികസന ബോർഡ് ചെയർമാൻ ഡോ. മീനേഷ് സി ഷാ അധ്യക്ഷത വഹിക്കും. മിൽമ ചെയർമാൻ കെ.എസ് മണി സ്വാഗതപ്രസംഗം നടത്തും. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, മിൽമ തിരുവനന്തപുരം യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, മിൽമ എറണാകുളം യൂണിയൻ ചെയർമാൻ സി.എൻ വത്സലൻ പിള്ള, കേരള ബാങ്ക് പ്രസിഡൻറ് ഗോപി കോട്ടമുറിയ്ക്കൽ, കേരള ബാങ്ക് സിഇഒ ജോർട്ടി എം ചാക്കോ, യുഎൽസിസിഎസ് ചെയർമാൻ രമേശൻ പാലേരി, എൻഎസ് സഹകരണ ആശുപത്രി പ്രസിഡൻറ് പി. രാജേന്ദ്രൻ, മിൽമ എം.ഡി ആസിഫ് കെ യൂസഫ് എന്നിവർ ആശംസയർപ്പിച്ച് സംസാരിക്കും.


മിൽമ ഭരണസമിതി അംഗങ്ങളായ വി.എസ് പത്മകുമാർ, കെ.ആർ മോഹനൻ പിള്ള, ബീന പി.വി, സത്യൻ ടി.എൻ, ജോൺസൺ കെ.കെ, താര ഉണ്ണികൃഷ്ണൻ, ബിന്ദു കെ., ശ്രീനിവാസൻ പി., നാരായണൻ പി.പി, കോരൻ .കെ എന്നിവർ സംബന്ധിക്കും. എൻഡിഡിബി ഡെപ്യൂട്ടി ജനറൽ മാനേജർ റോമി ജേക്കബ്ബ് നന്ദി പ്രകാശിപ്പിക്കും.

ദേശീയ ക്ഷീര വികസന ബോർഡിൻറെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചടങ്ങിൽ കേരളത്തിലെ ധവള വിപ്ലവത്തിന് നേതൃത്വം വഹിച്ച സഹകരണ പ്രസ്ഥാനങ്ങളെ ആദരിക്കും. മികച്ച ക്ഷീരകർഷകർക്കും കൃത്രിമ ബീജാധാന പ്രവർത്തകർക്കും ക്ഷീരസഹകരണ സംഘങ്ങൾക്കുമുള്ള പുരസ്കാരങ്ങളും നൽകും.

സെമിനാറിൽ രാവിലെ 11.30 ന് നടക്കുന്ന ആദ്യ സെഷനിൽ 'ക്ഷീരകർഷകരുടെ സമ്പൽസമൃദ്ധിക്കായി ക്ഷീരസഹകരണ മേഖലയെ ശാക്തീകരിക്കുന്നതിലും സുസ്ഥിരമായി വളർത്തിയെടുക്കുന്നതിനുമുള്ള മിൽമയുടെ പങ്ക്' എന്ന വിഷയത്തിൽ മിൽമ ചെയർമാൻ കെ.എസ് മണി സംസാരിക്കും. തുടർന്ന് 'കേരളത്തിൻറെ ഗ്രാമീണ സമ്പദ്വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിൽ ക്ഷീര മേഖലയുടെ പങ്ക്' എന്ന വിഷയത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജയസുജീഷ് ജെ.എസ്, 'നബാർഡിൻറെ സാമ്പത്തിക പിന്തുണയിലൂടെ സഹകരണ മേഖലയെ സുസ്ഥിരമാക്കാനുള്ള ശ്രമങ്ങൾ' എന്ന വിഷയത്തിൽ നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ജിക്സി റാഫേൽ, 'സമൂഹത്തെ ശാക്തീകരിക്കുന്നതിലും സഹകരണ ആവാസവ്യവസ്ഥ സുദൃഢമാക്കുന്നതിനും സഹകരണ ബാങ്കിംഗ് മേഖലയുടെ പങ്ക്' എന്ന വിഷയത്തിൽ കേരള ബാങ്ക് ഭരണസമിതി അംഗം ബി. പരമേശ്വരൻ പിള്ള, 'തൊഴിലാളി വർഗത്തിൻറെ കൂട്ടായ പ്രവർത്തനത്തിൻറെ ശക്തിയും യുഎൽസിസിഎസ് മാതൃകയും' എന്ന വിഷയത്തിൽ യുഎൽസിസിഎസ് സിഒഒ കിഷോർകുമാർ ടി.കെ, 'സഹകരണ മേഖലയുടെ സാന്ത്വന സ്പർശം-സമ്പൂർണ ആരോഗ്യരക്ഷയുടെ മാതൃക' എന്ന വിഷയത്തിൽ കൊല്ലം എൻഎസ് സഹകരണ ആശുപത്രി സെക്രട്ടറി പി. ഷിബു എന്നിവരും സംസാരിക്കും.

പത്രസമ്മേളനത്തിൽ മിൽമ തിരുവനന്തപുരം യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, മിൽമ എറണാകുളം യൂണിയൻ ചെയർമാൻ സി.എൻ വത്സലൻ പിള്ള, എൻഡിഡിബി എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. രാജീവ്, എൻഡിഡിബി ഡെപ്യൂട്ടി ജനറൽ മാനേജർ റോമി ജേക്കബ്ബ്, മിൽമ എം.ഡി ആസിഫ് കെ യൂസഫ് തുടങ്ങിയവർ പങ്കെടുത്തു.

# ഈ ലക്ഷണങ്ങളുണ്ടോ? പ്രായം കുറഞ്ഞവർക്കും സന്ധിവാതം വരാം



**Dr. Harish Chandran**
M.S.ORTHO, FASM, FAA (ITALY)

ആർത്രൈറ്റിസ് അഥവാ സന്ധിവാത രോഗികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനമാണ് (6.236 കോടി) ഇന്ത്യയ്ക്കുള്ളത്. ലോകം സന്ധിവാത ദിനം ആചരിക്കുന്ന ഇന്ന് (ഒക്ടോബർ 12) രോഗത്തെയും ചികിത്സയെയും കുറിച്ചു രാജ്യത്ത് പൊതുധാരണ വേണ്ടത് അത്യാവശ്യമാണ്. രാജ്യത്ത് ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്ന സാധാരണ രോഗാവസ്ഥയായി ആർത്രൈറ്റിസ് മാറിക്കഴിഞ്ഞു. 40 വയസ്സിനു മുകളിൽ പ്രായമുള്ള പത്തിലൊരാൾക്ക് സന്ധിവാതമുണ്ടെന്നാണ് ഇന്ത്യയിൽ നടത്തിയ പഠനങ്ങൾ പറയുന്നത്. 40 വയസ്സിനു മുകളിൽ പ്രായമുള്ളവരെ ബാധിക്കുന്ന ഓസ്റ്റിയോ ആർത്രൈറ്റിസ് എന്ന സന്ധിവാതമാണ് പ്രധാനമായും കണ്ടുവരുന്നത്. സ്ത്രീകളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. Global Burden of Disease (GBD) നടത്തിയ പഠനം അനുസരിച്ച് 1990ൽ ഇന്ത്യയിൽ 23 ദശലക്ഷം സന്ധിവാത രോഗികളുണ്ടായിരുന്നെങ്കിൽ 2019ൽ അത് 62 ദശലക്ഷമായി ഉയർന്നു. ദക്ഷിണേന്ത്യയിൽ 40 വയസ്സിന് മുകളിലുള്ള 34.6 ശതമാനം പേർക്ക് ഓസ്റ്റിയോ ആർത്രൈറ്റിസ് ബാധിച്ചതായി കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. സ്ത്രീകൾ, പ്രമേഹ രോഗികൾ, അമിതവണ്ണമുള്ളവർ എന്നിവർക്കാണ് രോഗം ബാധിക്കാൻ സാധ്യത കൂടുതൽ.

ചിലർക്ക് സന്ധിവാത സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലായിരിക്കും. അമിതവണ്ണം, ജനിതക പാരമ്പര്യം, സന്ധികളിൽ പരുക്ക് പറ്റിയവർ, എന്നിവർക്ക് സന്ധിവാതം നേരത്തെ തന്നെ പിടിപെടാം.

പ്രായമായവരെ ബാധിക്കുന്ന റുമാറ്റോയിഡ് ആർത്രൈറ്റിസ് കേസുകളും ഇന്ത്യയിൽ വർധിക്കുന്നുണ്ട്. ഇന്ത്യയിൽ 10 ലക്ഷത്തോളം റുമാറ്റോയിഡ് ആർത്രൈറ്റിസ് രോഗികളുണ്ടെന്നാണ് പുതിയ കണക്ക്.

രോഗത്തെ മനസ്സിലാക്കി കൃത്യമായ ചികിത്സയ്ക്കൊപ്പം ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തിയാൽ സന്ധിവാതം ഉണ്ടാക്കുന്ന പ്രശ്നങ്ങളെ ഒരു പരിധിവരെ അകറ്റി നിർത്താം.

**ഓസ്റ്റിയോ ആർത്രൈറ്റിസ് എന്ന വില്ലൻ**

മുൻപ് പ്രായമായവരിലാണ് സന്ധിവാതം സാധാരണമായിരുന്നതെങ്കിൽ ഇപ്പോൾ ചെറുപ്പക്കാരിലും വ്യാപകമാകുന്നുണ്ട്. അമിതവണ്ണം, വ്യായാമക്കുറവ് എന്നിവയാണ് പ്രധാന കാരണം. എല്ലുകൾക്ക് ബലക്ഷയമുണ്ടാക്കുന്ന ഓസ്റ്റിയോ ആർത്രൈറ്റിസാണ് ചെറുപ്പക്കാരെ ബാധിക്കുന്നത്. മോശം ജീവിതശൈലിയാണ് ഇതിലേക്ക് നയിക്കുന്നത്.സ്ത്രീകളിലാണ് ഓസ്റ്റിയോ ആർത്രൈറ്റിസ് കൂടുതലായി കണ്ടുവരുന്നത്. പല കാരണങ്ങളാണ് ഇതിനുള്ളത്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ സന്ധികൾ ചെറുതാണ്. സന്ധികളിലെ തരുണാസ്ഥിയുടെ അളവും കുറവാണ്. ജീവിതശൈലി മോശമാണെങ്കിൽ 40 വയസ്സിന് ശേഷം സ്ത്രീകളിൽ എല്ലുകൾക്ക് കൂടുതൽ ബലക്ഷയം സംഭവിക്കും. ആർത്തവ വിരാമം, ഹോർമോൺ വ്യതിയാനങ്ങൾ, വ്യായാമക്കുറവ്, അമിതവണ്ണം എന്നിവയാണ് സ്ത്രീകളിൽ ഈ രോഗം വർധിക്കാനുള്ള മറ്റു കാരണങ്ങൾ. അതിനാൽ 40 വയസ്സിനു ശേഷം സ്ത്രീകൾ ശാരീരിക ആരോഗ്യത്തിൽ കൂടുതൽ ശ്രദ്ധ നൽകണം.

**ലക്ഷണങ്ങൾ അവഗണിക്കരുത്**

ഒന്നിലധികം സന്ധികളിൽ വേദനയും നീരും.

നിത്യജീവിതത്തിലെ പല ജോലികളും ചെയ്യുമ്പോൾ ആയാസമോ വഴക്കമില്ലായ്മയോ അനുഭവപ്പെടുക.

സന്ധികളിൽ മരവിപ്പോ തരിപ്പോ അനുഭവപ്പെടുക.

രാവിലെ എഴുന്നേൽക്കുമ്പോൾ ശരീരത്തിൽ പിരിമുറുക്കം അനുഭവപ്പെടുക.

സന്ധികളിൽ ചൂടും മൃദുലതയും.

കാരണമില്ലാത്ത ക്ഷീണം.

ഇരുന്നിട്ട് എഴുന്നേൽക്കുമ്പോൾ സന്ധികളിൽ കടുത്ത വേദന.

ചലിക്കുമ്പോൾ സന്ധികളിൽ നിന്ന് ശബ്ദം.

അസ്ഥിയിലെ വളർച്ചകൾ (Bone Spurs)

**ചികിത്സ എങ്ങനെ?**

തുടക്കത്തിലേ രോഗം കണ്ടെത്തിയാൽ മരുന്നിനൊപ്പം ജീവിതശൈലിയിൽക്കൂടി മാറ്റങ്ങൾ വരുത്തി ഓസ്റ്റിയോ ആർത്രൈറ്റിസ് മൂലമുണ്ടാകുന്ന പ്രയാസങ്ങൾ കുറയ്ക്കാൻ സാധിക്കും. വ്യായാമം, ഫിസിയോതെറാപ്പി, ശരീരഭാരം നിയന്ത്രിക്കൽ എന്നിവ പ്രധാനമാണ്. ശരീരം ചലിപ്പിക്കുമ്പോഴുണ്ടാകുന്ന കടുത്ത വേദന നിയന്ത്രിക്കാൻ മരുന്നുകൾ സഹായിക്കും.രോഗം മൂർച്ഛിച്ചാൽ നടക്കുമ്പോഴും ഇരിക്കുമ്പോഴും കാൽമുട്ടിലും ഇടുപ്പിലും കടുത്ത വേദന അനുഭവപ്പെടാം. കാൽമുട്ടിലെയും ഇടുപ്പിലെയും അസ്ഥികൾ സാന്ദ്രത കുറഞ്ഞ് തേഞ്ഞു പോകുന്നതാണ് ഇതിന് കാരണം. ഇത്തരം രോഗികൾക്ക് മുട്ട്-ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ ആശ്രയിക്കേണ്ടിവരും. സുരക്ഷിതവും നൂറ് ശതമാനം ഫലം തരുന്നതുമായ ചികിത്സാരീതിയാണിത്. ശസ്ത്രക്രിയയ്ക്ക് ശേഷം ആഴ്ചകൾക്കുള്ളിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാനും സാധിക്കും. പ്രായമായവരെ ബാധിക്കുന്ന റുമാറ്റോയിഡ് ആർത്രൈറ്റിസിനും ഈ ചികിത്സാരീതി വളരെ ഫലപ്രദമാണ്.

**പുനരുജ്ജീവന ചികിത്സകൾ**

സന്ധിമാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് ഓസ്റ്റിയോ ആർത്രൈറ്റിസിന് മികച്ച ചികിത്സയെങ്കിലും മറ്റു ചികിത്സാ രീതികളും ലഭ്യമാണ്.

PRP (Platelet-Rich Plasma). രക്തത്തിലെ പ്ലേറ്റ്ലെറ്റുകൾ കുത്തിവച്ച് സന്ധികളിലെ വേദന കുറയ്ക്കുന്നു.സ്റ്റെം സെൽ ചികിത്സ-രോഗിയുടെ കോശങ്ങളെ ഉപയോഗിച്ച് തരുണാസ്ഥികൾ പുനർനിർമിക്കുന്നു.ആർത്രോസ്കോപി-ശസ്ത്രക്രിയ വഴി ചലനക്ഷമത മെച്ചപ്പെടുത്തുന്നു.

ജീവിതശൈലി മാറ്റാം ആർത്രൈറ്റിസിനെ നേരിടാം. മുൻകൂട്ടി പ്രതിരോധിക്കാൻ സാധിക്കുന്ന രോഗമല്ല സന്ധിവാതം. പക്ഷേ ആരോഗ്യപ്രദമായ ജീവിതശൈലി സ്വീകരിച്ചാൽ രോഗം നേരത്തേ പിടികൂടുന്നത് ഒഴിവാക്കാം.

പേശികളുടെയും, അസ്ഥികളുടെയും ആരോഗ്യം കാത്തുസൂക്ഷിക്കുക എന്നതാണ് പ്രധാനം.

ആഴ്ചയിൽ 150 മിനിറ്റ് എങ്കിലും വ്യായാമം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക. ശരീരഭാരം ആരോഗ്യകരമാണ് എന്ന് ഉറപ്പുവരുത്തുക. കുറഞ്ഞ ശരീരഭാരം പേശികളുടെയും അസ്ഥികളുടെയും ആയാസംകുറയ്ക്കും.

അസ്ഥികളിൽ ഒടിവോ, പേശികളിൽ ചതവോ സംഭവിച്ചാൽ കൃത്യമായ ചികിത്സ ഉറപ്പാക്കുക.

എല്ലുകളുടെയും പേശികളുടെയും ആരോഗ്യത്തെ സഹായിക്കുന്ന രീതിയിൽ ഭക്ഷണം ക്രമീകരിക്കുക.

സന്ധിവാതം പൂർണമായി ഭേദമാക്കാൻ കഴിയില്ലെങ്കിലും രോഗം നേരത്തേ കണ്ടെത്തിയാൽ നിത്യജീവിതത്തെ ബാധിക്കുന്നത് ഒഴിവാക്കാം. ആരോഗ്യപൂർണമായ ജീവിതശൈലി ഉറപ്പാക്കിയാൽ സന്ധിവാതത്തിനൊപ്പം മറ്റു പല രോഗങ്ങളും ഒഴിവാക്കാൻ സാധിക്കും.

# ജൂനിയർ റസിഡന്റ് ഒഴിവ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ നോൺ അക്കാഡമിക് ജൂനിയർ റസിഡന്റ് തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തും. എം.ബി.ബി.എസ് ബിരുദവും റ്റി.സി.എം.സി. രജിസ്ട്രഷനുമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം ഒക്ടോബർ 28 രാവിലെ 11 മണിയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം. അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തും. അപേക്ഷകർ അപേക്ഷിക്കുന്ന തസ്തികയുടെ പേര്, അപേക്ഷകന്റെ/ യുടെ മേൽവിലാസം, ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തണം.

# വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ്

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ കേരള റബ്ബർ ലിമിറ്റഡ് പുതുതായി വിതരണ ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷ 2024 മെയ് 7ന് സമർപ്പിച്ചിരുന്നു. പെറ്റീഷൻ (OP No.14/2024) കമ്മീഷൻ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇത് സംബന്ധിച്ച പൊതു തെളിവെടുപ്പ് ഒക്ടോബർ 21ന് രാവിലെ 11ന് തിരുവനന്തപുരത്ത് കമ്മീഷൻ ആസ്ഥാനത്ത് ഹൈബ്രിഡ് രീതിയിൽ (നേരിട്ടും, ഓൺലൈനായും) നടത്തും. നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുക്കാം. വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുക്കാൻ താല്പര്യമുള്ളവർ ഒക്ടോബർ 20 ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ് പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org വഴി അറിയിക്കണം.

# വാക്-ഇൻ-ഇന്റർവ്യു

വിതുര താലൂക്ക് ആശുപത്രിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ദന്തൽ ഡോക്ടർ, റേഡിയോ ഗ്രാഫർ തസ്തികകളിൽ ഒഴിവുള്ള ഓരോ ഒഴിവുകളിലേക്ക് വാക് ഇൻ ഇന്റർവ്യു നടത്തും. പ്രായപരിധി 40 വയസിൽ താഴെ. ബി.ഡി.എസും കേരള ദന്തൽ കൗൺസിൽ രജിസ്ട്രേഷനുമാണ് ദന്തൽ ഡോക്ടർ തസ്തികയുടെ യോഗ്യത. റേഡിയോ ഗ്രാഫർ അംഗീകൃത ഡിഗ്രി/ ഡിപ്ലോമയും കേരള പാരാമെഡിക്കൽ രജിസ്ട്രേഷനുമാണ് റേഡിയോ ഗ്രാഫർ തസ്തികയുടെ യോഗ്യത. യോഗ്യതയുള്ളവർ ഒക്ടോബർ 15ന് രാവിലെ 10 മുതൽ 11.30 വരെ അസൽ സർട്ടിഫിക്കറ്റുകളും ആധാർ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് എന്നിവയുമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടത്തുന്ന വാക് ഇൻ ഇന്റർവ്യുവിൽ ഹാജരാകണം.

# ലോകായുക്ത സിറ്റിങ്

കേരള ലോകായുക്ത തൃശൂർ, കോട്ടയം ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തും. തൃശൂരിൽ ഒക്ടോബർ 22നും 23നും രാവിലെ 10.30ന് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റീജിയണൽ ഓഫീസ് മിനി കോൺഫറൻസ് ഹാൾ, തിരുവമ്പാടിയിലും ഒക്ടോബർ 24ന് രാവിലെ 10.30ന് കോട്ടയം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് മിനി കോൺഫറൻസ് ഹാളിലുമാണ് സിറ്റിങ്. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാർ, ഉപ ലോകായുക്ത ജസ്റ്റിസ് അശോക് മേനോൻ എന്നിവർ സിറ്റിങ്ങിൽ പങ്കെടുക്കും. സിറ്റിങ് ദിവസങ്ങളിൽ നിശ്ചിത ഫോമിലുള്ള പുതിയ പരാതികൾ സ്വീകരിക്കുമെന്ന് ലോകായുക്ത രജിസ്ട്രാർ അറിയിച്ചു.

# കുടുംബശ്രീ റിലയൻസുമായി കൈകോർത്ത് 10000 വനിതകൾക്ക് തൊഴിലൊരുക്കും

കുടുംബശ്രീയും രാജ്യത്തെ പ്രമുഖ ടെലികോം കമ്പനിയായ റിലയൻസ് ജിയോയുമായി കൈകോർത്ത് പതിനായിരം വനിതകൾക്ക് തൊഴിൽ നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിജ്ഞാന കേരളം - കുടുംബശ്രീ തൊഴിൽ ക്യാമ്പയിന്റെ ഭാഗമായി കുടുംബശ്രീയും റിലയൻസുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടത്തിൽ ഇത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുന്നത്.

സ്കിൽഡ് തൊഴിലുകൾ, ഡിജിറ്റൽ ഉൽപന്നങ്ങളുടെ വിപണനം, വർക്ക് ഫ്രം ഹോമായി കസ്റ്റമർ കെയർ ടെലികോളിംഗ് ഉൾപ്പെടെയുള്ള തൊഴിലുകളിലേക്കാണ് കുടുംബശ്രീ വനിതകളുടെ സേവനം പ്രയോജനപ്പെടുത്തുക. തൊഴിലിനായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് എല്ലാ പരിശീലനവും റിലയൻസ് നൽകും, ആകർഷകമായ വേതനവും ലഭ്യമാക്കും. ഇതിനായി കുടുംബശ്രീയും റിലയൻസ് പ്രോജക്ട്സ് ആൻഡ് പ്രോപ്പർട്ടി മാനേജ്മെന്റ് സർവീസസ് ലിമിറ്റഡും തമ്മിൽ ധാരണാ പത്രം ഒപ്പുവച്ചതായി മന്ത്രി അറിയിച്ചു. മന്ത്രി എം.ബി രാജേഷിന്റെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ, റിലയൻസ് ജിയോ കേരള ബിസിനസ് ഹെഡ് ഹേമന്ത് അംബോർക്കർ എന്നിവരാണ് ധാരണാപത്രം കൈമാറിയത്.

തൊഴിൽ അവസരങ്ങളുടെ എണ്ണത്തിന് അനുസൃതമായി യോഗ്യരായ കുടുംബശ്രീ വനിതകളുടെ പട്ടിക അതത് കുടുംബശ്രീ സി.ഡി.എസുകൾ വഴി റിലയൻസിന് ലഭ്യമാക്കും. ഫ്രീലാൻസ് മാതൃകയിലായിരിക്കും ഇവരുടെ ജോലി. ചെയ്യുന്ന ജോലിക്കനുസരിച്ചാണ് ഇവർക്കുള്ള വേതനം ലഭിക്കുന്നത്. നിലവിൽ ജിയോയിൽ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർക്ക് പ്രതിമാസം 15000 രൂപയിലേറെ വരുമാനം ലഭിക്കുന്നുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജിയോ കസ്റ്റമർ അസോസിയേറ്റ്സിന്റെ കീഴിൽ ടെലികോളിങ്ങ് മേഖലയിൽ മുന്നൂറു പേർക്ക് വർക്ക് ഫ്രം ഹോം ജോലിയും നൽകുന്നുണ്ട്. പുറത്തു പോയി ജോലി ചെയ്യാൻ താത്പര്യമില്ലാത്ത വീട്ടമ്മമാരായ കുടുംബശ്രീ വനിതകൾക്ക് ഇത് ഏറെ സഹായകമാകും.

റിലയൻസിന് പുറമേ ഫ്ലിപ്കാർട്ട്, മക്ഡൊണാൾഡ്, ലുലു ഹൈപ്പർ മാർക്കറ്റ്, മൈ ജി. ട്രാവൻകൂർ മെഡിസിറ്റി, പോപ്പുലർ ഹ്യുണ്ടായ്, കിംസ് ഹോസ്പിറ്റൽ, അരൂർ എക്സ്പോർട്ടിങ്ങ് കമ്പനി, ചേർത്തല, ചെമ്മണ്ണൂർ ഇന്റർനാഷനൽ, ടി വി എസ് ഗ്രൂപ്പ്, കല്യാൺ സിൽക്സ്, ഗ്രാന്റ് ഹൈപ്പർ മാർക്കറ്റ് മിഡിൽ ഈസ്റ്റ്, അജ്ഫാൻ, സൈലം, പോപി, ജോൺസ്, ആസ്റ്റർ മിംസ് ഹോസ്പിറ്റൽ, അജ്ഫാൻ, മലബാർ ഗ്രൂപ്പ് ഹൗസ് ബോട്ട് അസോസിയേഷന്റെ ഭാഗമായ ഹൌസ് ബോട്ടുകൾ തുടങ്ങി നിരവധി സ്വകാര്യ കമ്പനികളിൽ മികച്ച വേതനത്തോടെ കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കെഎസ്ആർടിസി, കെൽടോൺ, ഇൻഫോപാർക്ക് തുടങ്ങിയ സ്ഥാപനങ്ങളിലും കുടുംബശ്രീ വനിതകളുടെ സേവനം ലഭ്യമാക്കും.

ഇതിന് പുറമേ എൽഐസി ബീമാ സഖി പദ്ധതി പ്രകാരം 1070 ബീമാ സഖി തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്. 872 പേരെ ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് ഉടൻ എൽഐസി മുഖേന പരിശീലനം നൽകി നിയമിക്കും. ബാങ്കിംഗ് സേവനങ്ങൾ വാതിൽപ്പടി എത്തിക്കുന്ന ബിസിനസ് കറസ്പോൺഡന്റ് സഖി (ബി സി സഖി) പദ്ധതി പ്രകാരം കാനറാ ബാങ്കിന് വേണ്ടി 350 പേരെ നിയമിക്കുന്നതിന് മഗ്നോട് എന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കേരള ഗ്രാമീൺ ബാങ്ക് (332), ഇന്ത്യൻ ഓവർസീസ് ബാങ്ക് (305), ഇന്ത്യൻ ബാങ്ക് (15), ബാങ്ക് ഓഫ് ബറോഡ) (22) എന്നീ ബാങ്കുകൾക്ക് വേണ്ടി ആകെ 674 പേരെ നിയമിക്കുന്നതിനു ഇന്റഗ്ര എന്ന ഏജൻസിയുമായി കരാർ ഒപ്പ് വയ്ക്കുന്നത് അന്തിമ ഘട്ടത്തിലാണ്. കേരള ബാങ്കിനും, ഫെഡറൽ ബാങ്കിനും വേണ്ടി ബി സി സഖി പരാതി വ്യാപിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നു. ഇതിലൂടെ ആകെ 2025 തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി അയൽക്കൂട്ട കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കാനും, കുടുംബശ്രീ അംഗങ്ങൾക്കും കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായ സ്ത്രീകൾക്കും നൈപുണ്യ പരിശീലനത്തിലൂടെ പുത്തൻ തൊഴിലവസരങ്ങൾ നേടാനുള്ള ശേഷി ആർജിക്കാനും വേണ്ടി രൂപം നൽകിയതാണ് വിജ്ഞാന കേരളം - കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ. ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ ആകെ 141323 തൊഴിലുകൾ കണ്ടെത്താനും, വിവിധ തൊഴിൽ മേഖലകളിലായി ആകെ 55913 പേർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. ക്യാമ്പയിന്റെ ആദ്യഘട്ടത്തിൽ ഒരു ലക്ഷം സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടതെന്നും, ഇത് ഒക്ടോബറിൽ സാധ്യമാക്കാനുള്ള ശ്രമത്തിലാണെന്നും മന്ത്രി പറഞ്ഞു.

വിജ്ഞാന കേരളം അഡൈ്വസർ ഡോ ടി എം തോമസ് ഐസക്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

കഴക്കൂട്ടം ഗവ. (വനിത) ഐ.ടി.ഐ ൽ ഒഴിവുള്ള ട്രേഡുകളിലേക്ക് അഡ്മിഷൻ ലഭിയ്ക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു.

ഒക്ടോബർ 17 വരെ അപേക്ഷിക്കാം. യോഗ്യത സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും (ഒറിജിനൽ+ ടി.സി ഉൾപ്പെടെ) സഹിതം അപേക്ഷകർ നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2418317, 9744900536.

# സാമ്പത്തികസ്ഥിതി, പുനരധിവാസം, ദേശീയപാത, എയിംസ്: കേന്ദ്ര സഹായം ആവശ്യപ്പെട്ട് പ്രധാനമന്ത്രിയെ കണ്ട് മുഖ്യമന്ത്രി

ന്യൂഡൽഹി: സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ പ്രധാനമന്ത്രിയെ നേരിൽ കണ്ട് ശ്രദ്ധയിൽപ്പെടുത്തിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തിൻറെ സാമ്പത്തിക പ്രതിസന്ധികൾ, മുണ്ടക്കൈ-ചൂരൽമല പുനരധിവാസം, ദേശീയപാത വികസനം, എയിംസ് അനുവദിക്കൽ, കടമെടുപ്പ് പരിധി നിയന്ത്രണം ലഘൂകരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ അടിയന്തരമായ ഇടപെടൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടതായും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

പ്രധാനമന്ത്രി ഉൾപ്പെടെ അഞ്ചു കേന്ദ്രമന്ത്രിമാരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

നാലു വിഷയങ്ങളാണ് പ്രധാനമായും ശ്രദ്ധയിൽപെടുത്തിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിന് ദേശീയ ദുരന്തപ്രതികരണ നിധിയിൽ നിന്ന് 2221 കോടി രൂപ അനുവദിക്കണമെന്ന ആവശ്യമാണ് ആദ്യത്തേത്. ഇത് വായ്പയായി കണക്കാക്കരുതെന്നും അഭ്യർഥിച്ചു.

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രയാസങ്ങളെക്കുറിച്ചും പ്രധാനമന്ത്രിയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. കേന്ദ്രം കേരളത്തിൻറെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവന്ന നിയന്ത്രണങ്ങൾ ലഘൂകരിക്കുന്നതിനും സാമ്പത്തിക പരിധിയിൽവരുത്തിയ വെട്ടിക്കുറവ് ഇല്ലാതാക്കുന്നതിനും പിന്തുണ ആവശ്യപ്പെട്ടു.

ജിഎസ്ഡിപിയുടെ 0.5 ശതമാനം അധികമായി കടമെടുക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു.

ദേശീയപാതക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന ചെലവിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് തീരുമാനിച്ചതിൻറെ ഭാഗമായി നൽകിയ പണം മറ്റൊരു പരിഗണനയിൽ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറച്ചിരുന്നു. ഇത് ഇരട്ടപ്രഹരമാണുണ്ടാക്കിയത്. അതിനും പരിഹാരം വേണമെന്ന് ആവശ്യപ്പെട്ടു.

ദീർഘകാലമായി കേരളം ആവശ്യപ്പെടുന്ന എയിംസ് അനുവദിക്കണമെന്നും ഇതിനായി കോഴിക്കോട് കിനാലൂരിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിൻറെ അതിവേഗ നഗരവത്കരണം കണക്കിലെടുത്ത്, ശാസ്ത്രീയ നഗരാസൂത്രണവും ആർക്കിടെക്ചറൽ ഗവേഷണവും ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ഒരു സ്കൂൾ ഓഫ് പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചർ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.

നെല്ല് സംഭരണത്തിലെ കുടിശിക ഉടൻ അനുവദിക്കണമെന്നും അതിനായി എത്രയും വേഗം ഇടപെടൽ ഉണ്ടാകണമെന്നും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടതായും മുഖ്യമന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി.

സംസ്ഥാനത്തിൻറെ ആവശ്യങ്ങൾ അംഗീകരിക്കാമെന്ന് അമിത്ഷാ പറഞ്ഞുവെന്നും മുഖ്യമന്ത്രി അറിയിച്ചു. ദേശീയപാതാ വികസനത്തിന് കേരളം സ്വീകരിക്കുന്ന നടപടിയെ ഗതാഗതമന്ത്രി നിഥിൻ ഗഡ്കരി അഭിനന്ദിച്ചെന്നും അദ്ദേഹം പറഞ്ഞു.

# ആധാർ പുതുക്കൽ: 5 മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത ബയോമെട്രിക് പുതുക്കൽ ഇനി സൗജന്യം

അഞ്ച് വയസ്സു മുതൽ പതിനേഴു വയസ്സുവരെയുള്ള കുട്ടികളുടെ നിർബന്ധിത ബയോമെട്രിക് പുതുക്കൽ സൗജന്യമാക്കി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ . നേരത്തെ 5 മുതൽ 7 വരെയും 15 മുതൽ 17 വയസ്സുവരെയുള്ളവർക്കുമുള്ള നിർബന്ധിത പുതുക്കൽ മാത്രമാണ് സൗജന്യമായി ലഭിച്ചിരുന്നത്. എന്നാൽ, പുതിയ നിർദ്ദേശമനുസരിച്ച് 7 വയസ്സു മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്കും ഒരു നിശ്ചിത കാലാവധിവരെ ഈ സൗജന്യ പുതുക്കൽ സൗകര്യം ലഭിക്കും. നവജാത ശിശുക്കൾക്ക് ജനന സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആധാറിന് എൻറോൾ ചെയ്യാം. 0-5 വയസ്സിൽ ബയോമെട്രിക്സ് ശേഖരിക്കാത്തതിനാൽ കുട്ടികൾക്ക് അഞ്ചാം വയസ്സിലും പതിനഞ്ചാം വയസ്സിലും ബയോമെട്രിക്സ് നിർബന്ധമായും പുതുക്കേണ്ടതുണ്ട്. പുതുക്കൽ നടത്താത്ത ആധാർ കാർഡുകൾ അസാധുവാകാൻ സാധ്യതയുള്ളതിനാൽ, സ്കോളർഷിപ്പ്, റേഷൻ കാർഡ്, സ്കൂൾ അഡ്മിഷൻ, NEET, JEE തുടങ്ങിയ മത്സര പരീക്ഷകൾക്ക് രജിസ്ട്രേഷൻ ചെയ്യുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എല്ലാ കുട്ടികളും ഈ സൗജന്യ അവസരം പ്രയോജനപ്പെടുത്തണമെന്ന് കേരള സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചു. കേരളത്തിൽ ആധാറിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സംസ്ഥാന ഐ.ടി. മിഷനാണ്. ആധാറുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും പരാതികൾക്കും 1800-4251-1800 / 04712335523 അല്ലെങ്കിൽ 0471-2525442 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കെഎസ്എഫ്ഇയുടെ ഗ്യാരണ്ടി കമ്മീഷൻ തുകയായ 81.39 കോടി രൂപയുടെ ചെക്ക് മന്ത്രി കെ എൻ ബാലഗോപാൽ ഏറ്റുവാങ്ങുന്നു

# 50000 കുട്ടികൾക്ക് 'ഇക്കോ സെൻസ് സ്കോളർഷിപ്പ്' പ്രവർത്തനങ്ങൾക്ക് തുടക്കമായി

സ്കൂൾക്കുട്ടികളെ 'മാലിന്യമുക്തം നവകേരളം' ദൗത്യത്തിന്റെ മുന്നണിപ്പോരാളികളാക്കിമാറ്റുന്ന 'ഇക്കോ സെൻസ്' വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കമായി. ഇതിനുള്ള രജിസ്ട്രേഷൻ സ്കൂളുകളിൽ ആരംഭിച്ചു. മാലിന്യപരിപാലനത്തിൽ നൂതനചിന്തയും താൽപ്പര്യവുമുള്ള പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ശുചിത്വ മിഷനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യംചെയ്യുന്നതിൽ വീട്ടിലും നാട്ടിലും അനുകൂലമായ മനോഭാവമാറ്റങ്ങൾ ഉണ്ടാക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

ഒറ്റത്തവണ ഉപയോഗിക്കുന്നതരം വസ്തുക്കൾ കഴിയുന്നതും ഒഴിവാക്കൽ, അളവു കുറയ്ക്കൽ, വീണ്ടും ഉപയോഗിക്കൽ, ഉപയോഗയോഗ്യമായ മറ്റു വസ്തുക്കളാക്കി മാറ്റൽ എന്നിങ്ങനെയുള്ള ശീലങ്ങൾ കുട്ടികളിലൂടെ സമൂഹത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാണ്. 6, 7, 8, 9 ക്ലാസ്സുകളിലെയും, ഒന്നാം വർഷ ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറിയിലേയും വിദ്യാർഥി/ വിദ്യാർഥിനികളെയാണ് സ്കോളർഷിപ്പിനു പരിഗണിക്കുക. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർഥിക്കും 1500 രൂപ സ്കോളർഷിപ്പ് തുകയും സർട്ടിഫിക്കറ്റും നൽകും. സംസ്ഥാന സിലബസ് പിന്തുടരുന്ന സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കാണ് ഈ പദ്ധതിയിൽ ചേരാൻ കഴിയുന്നത്.

തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് നവംബർ 14-ന് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഹരിതസഭയിൽ പ്രഖ്യാപിക്കും. ഇവർ നവംബർ, ഡിസംബർ മാസങ്ങളിൽ വ്യക്തിഗതവും ഗ്രൂപ്പു ചേർന്നുമുള്ള മാലന്യമുക്ത പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കും. അത്തരം പ്രവർത്തനങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് 2026 ജനുവരി 26-ന് ഓരോ തദ്ദേശ സ്ഥാപനത്തിലും 'ശുചിത്വ പഠനോത്സവം' നടക്കും. ഈ രംഗത്തെ മികച്ച വിദ്യാലയങ്ങൾക്ക് പുരസ്കാരവും നൽകും. വിശദവിവരങ്ങൾ ശുചിത്വമിഷൻ വെബ്സൈറ്റിലോ (വ േു:// ഠഠഠ.ൌരവശഠ്മോശശൈീ.്യഴ/ ) സോഷ്യൽമീഡിയ പേജുകളിലോ ലഭിക്കും.

# അഫ്ഗാൻ അതിർത്തിയിൽ പാക്കിസ്ഥാൻ ബോംബിങ്

കാബൂൾ : പാക്കിസ്ഥാൻ സൈന്യം അഫ്ഗാൻ വ്യോമാതിർത്തി ലംഘിച്ചതായി താലിബാൻ സർക്കാർ. അഫ്ഗാൻ പാക്ക് അതിർത്തിക്ക് സമീപമുള്ള ചന്തയിൽ പാക്കിസ്ഥാൻ ബോംബിട്ടതായി സർക്കാർ പ്രതിനിധികൾ വാർത്താ ഏജൻസിയായ റോയിട്ടേഴ്സിനോട് പറഞ്ഞു. തലസ്ഥാനമായ കാബൂളിൽ 'അതിക്രമിച്ചു' കയറിയതായും താലിബാൻ സർക്കാർ പറഞ്ഞു. കാബൂളിൽ സ്ഫോടന ശബ്ദങ്ങൾ കേട്ടതായി ചില മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. പാക്കിസ്ഥാൻ ആക്രമണം സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ല.

താലിബാൻ വിദേശകാര്യ മന്ത്രി അമീർ ഖാൻ മുത്താഖി ഇന്ത്യയിൽ സന്ദർശനം നടത്തുന്നതിനിടെയാണ് ആക്രമണം. ആക്രമണത്തെ മുത്താഖി അപലപിച്ചു. കാബൂളിൽ സ്ഫോടന ശബ്ദം കേട്ടതായും എന്നാൽ നാശനഷ്ടമില്ലെന്നും അഫ്ഗാൻ സർക്കാർ വക്താവ് വ്യക്തമാക്കി. കാര്യങ്ങൾ വഷളാകുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്തം പാക്കിസ്ഥാൻ സൈന്യത്തിനായിരിക്കുമെന്ന് അഫ്ഗാൻ സർക്കാർ അറിയിച്ചു. അതിർത്തി ലംഘിച്ച പാക്ക് നടപടിയെ സർക്കാർ അപലപിച്ചു.

" ഇതു മുൻപെങ്ങും ഇല്ലാത്തതും, അക്രമാസക്തവും, പ്രകോപനപരവുമായ നടപടിയാണ്. അഫ്ഗാൻ വ്യോമാതിർത്തി ലംഘിച്ചതിനെ ശക്തമായി അപലപിക്കുന്നു. സ്വന്തം ഭൂപ്രദേശം പ്രതിരോധിക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ട്" അഫ്ഗാൻ പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. അഫ്ഗാൻ അതിർത്തിയിൽ പാക്ക് സൈന്യം 30 ഭീകരരെ വധിച്ചതായി റോയിട്ടേഴ്സ് റിപ്പോർട്ടു ചെയ്തു. 11 പാക്ക് സൈനികരും കൊല്ലപ്പെട്ടു. ഒക്ടോബർ 7ന് അഫ്ഗാൻ അതിർത്തിയിൽ പാക്ക് സൈനികവ്യൂഹത്തെ അക്രമിച്ച ഭീകരർ 9 സൈനികരെ വധിച്ചിരുന്നു. നിരോധിത സംഘടനയായ തെഹ്‌രീക്-ഇ-താലിബാൻ സംഭവത്തിന്റെ ഉത്തരവാദിത്തം ഏറ്റിരുന്നു. ഇതിനു തിരിച്ചടിയായാണ് സൈനിക നടപടി. ഭീകരവാദികൾക്ക് അഭയം നൽകുന്ന നടപടിയിൽനിന്ന് അഫ്ഗാൻ പിൻവാങ്ങണമെന്ന് പാക്കിസ്ഥാൻ ആവശ്യപ്പെട്ടു.

# പാലിയേറ്റീവ് കെയർ മേഖലയിൽ സാന്ത്വനമിത്രയുമായി കുടുംബശ്രീ

വിജ്ഞാന കേരളം-കുടുംബശ്രീ തൊഴിൽ ക്യാമ്പയിന്റെ ഭാഗമായി 'സാന്ത്വന മിത്ര' പദ്ധതിയുമായി പാലിയേറ്റീവ് കെയർ രംഗത്തും ക്രിയാത്മകമായ മുന്നേറ്റം നടത്താൻ കുടുംബശ്രീ ഒരുങ്ങുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. പാലിയേറ്റീവ് കെയർ മേഖലയിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തുകയും അവ കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുമാണ് സാന്ത്വന മിത്രയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഓരോ തദ്ദേശ സ്ഥാപനത്തിലും സാന്ത്വന പരിചരണം ആവശ്യമായ എല്ലാവർക്കും ശാസ്ത്രീയമായ ഗൃഹകേന്ദ്രീകൃത പരിചരണം ലഭ്യമാക്കുന്നതിന് പരിശീലനം ലഭിച്ച കുടുംബശ്രീ പരിചരണ സേവകരെ സംസ്ഥാനത്തുടനീളം രൂപീകരിക്കും. അൻപതിനായിരം പേർക്ക് പരിശീലനം നൽകി രംഗത്തിറക്കാനാണ് പദ്ധതി. ആദ്യഘട്ടമായി പതിനായിരം പേർക്കുള്ള പരിശീലനം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിലെ പൊതുജനാരോഗ്യ മേഖലയിൽ തദ്ദേശസ്വയം ഭരണം, ആരോഗ്യം എന്നീ വകുപ്പുകളുടെയും വിജ്ഞാന കേരളത്തിന്റെയും സംയുക്ത സംരംഭമായാണ് സാന്ത്വനമിത്ര പദ്ധതി നടപ്പിലാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കിടപ്പുരോഗികളുള്ള കുടുംബങ്ങളിൽ പരിചരണ സേവനം ആവശ്യമുള്ളവരെ കണ്ടെത്തും. ഇതിനായി കുടുംബശ്രീ എ.ഡി.എസുകൾ മുഖേന വാർഡുകളിൽ ഗൃഹസന്ദർശനം നടത്തും. കിടപ്പുരോഗികളുടെ എണ്ണം, ആവശ്യമായ സേവനം എന്നീ വിവരങ്ങൾ ശേഖരിച്ച് അന്തിമ ലിസ്റ്റ് സി.ഡി.എസിന് കൈമാറും. സി.ഡി.എസ് തലത്തിൽ പ്രവർത്തിക്കുന്ന വിജ്ഞാന കേരളം തൊഴിൽ കേന്ദ്രത്തിൽ ഈ കുടുംബങ്ങളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യും.കൂടാതെ അയൽക്കൂട്ട കുടുംബങ്ങളിൽ നിന്നും പാലിയേറ്റീവ് കെയർ മേഖലയിൽ ജോലി ചെയ്യാൻ താൽപ്പര്യമുള്ള അംഗങ്ങളെ കണ്ടെത്തി അവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകി പരിചരണത്തിന് പ്രാപ്തരാക്കും. പരിശീലനം പൂർത്തിയാക്കിയവരുടെ പട്ടികയും തൊഴിൽ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യും. പരിശീലനം പൂർത്തീകരിച്ച് പരിചരണ സേവകരായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ അംഗങ്ങളെ ഒരു വർഷത്തിനുള്ളിൽ സർട്ടിഫൈഡ് കെയർ ടേക്കർമാരാക്കി മാറ്റുന്നതിനായി അനുയോജ്യമായ കോഴ്സുകളിൽ പരിശീലനം ലഭ്യമാക്കും. കുടുംബശ്രീയും കെ-ഡിസ്കും സംയുക്തമായി ഇതു നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

# ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ വിശ്വാസ്യത ചോദ്യം ചെയ്യുന്നത്: കെപിസിസി പ്രസിഡന്റ്

ശബരിമലയിൽ സ്വർണ്ണം പൂശിയതിൽ ക്രമക്കേട് കണ്ടെത്തി കേസെടുത്ത് അന്വേഷണം നടത്താനുള്ള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് സംസ്ഥാന സർക്കാരിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതാണെന്ന് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ.

ശബരിമലയിലെ സ്വർണ്ണ മോഷണത്തിൽ പ്രത്യേക അന്വേഷണ സംഘം കോടതിയോട് മാത്രം മറുപടി നൽകിയാൽ മതിയെന്ന് പറഞ്ഞതിലൂടെ ഹൈക്കോടതി സർക്കാർ ഇടപെടലുകളെ സംശയത്തോടെയാണ് നിരീക്ഷിക്കുന്നതെന്ന് വ്യക്തമാണ്. സർക്കാരിന്റെ അറിവോടെ നടന്ന മോഷണമാണെന്ന ആരോപണം പ്രത്യക്ഷത്തിൽ ശരിവെയ്ക്കുക കൂടിയാണ് ഹൈക്കോടതിവിധി. അന്വേഷണം ഭരണ നേതൃത്വത്തിലേക്ക് നീങ്ങുന്ന ഘട്ടത്തിൽ സർക്കാരിന്റെ ദുസ്വാധീനം ഹൈക്കോടതി മുൻകൂട്ടി കാണുന്നതിനാലാണ് ഇത്തരമൊരു പരാമർശം നടത്തിയത്. ഇത്രയും കാലം പിണറായി സർക്കാർ മൂടിവെച്ച മോഷണത്തിന് പിന്നിലെ യഥാർത്ഥ വസ്തുതകൾ ഹൈക്കോടതിയുടെ ഇടപെടലിലൂടെ പുറത്തുവരുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു.

ഇത്രയും നാൾ മോഷ്ടാക്കളെ സംരക്ഷിച്ച സർക്കാർ ഇപ്പോഴും അതേ നിലപാടിൽ തുടരുകയാണ്. ഹൈക്കോടതി പോലും സംശയത്തോടെ നോക്കുന്ന ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരായ അന്വേഷണ റിപ്പോർട്ടുകൾക്ക് മേൽ നടപടിയെടുക്കാതിരുന്ന ദേവസ്വം മന്ത്രിക്കും ഈ കൂട്ടുകച്ചവടത്തിൽ പങ്കുണ്ട്. ദേവസ്വം ബോർഡിനും ദേവസ്വം മന്ത്രിക്കും എതിരാണ് ഹൈക്കോടതി വിധി. അതിന്റെ പശ്ചാത്തലത്തിൽ ബോർഡും മന്ത്രിയും രാജിവെയ്ക്കണമെന്നും അന്വേഷണ പരിധിയിൽ ഇവരുടെ ഇടപെടലും ഉൾപ്പെടുത്തണമെന്നും സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

ശബരിമലയിലെ വൻ സ്വർണ്ണക്കൊള്ളയിൽ അന്വേഷണം ഉന്നതരിലേക്ക് എത്താതിരിക്കാനുള്ള കരുതലാണ് സർക്കാർ സ്വീകരിക്കുന്നത്.ദേവസ്വം ബോർഡിന് വീഴ്ച പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടില്ലെന്ന മുഖ്യമന്ത്രിയുടെ പ്രതികരണം അതിന് തെളിവാണ്.ഇപ്പോൾ നടക്കുന്ന അന്വേഷണം ഉദ്യോഗസ്ഥരിൽ മാത്രം ഒതുക്കി കോടതിയെ തെറ്റിധരിപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. അത് സൂചിപ്പിക്കുന്നതാണ് മുഖ്യമന്ത്രിയുടെ പ്രതികരണം.അതിനാലാണ് ഹൈക്കോടതി നിരീക്ഷണത്തിൽ സിബി ഐ അന്വേഷണമെന്ന പ്രതിപക്ഷ ആവശ്യത്തിന് നേരെ മുഖം തിരിക്കുന്നത്. ശബരിമലയിൽ ദേവന്റെ സ്വത്ത് മോഷ്ടിച്ചവൻ എത്ര ഉന്നതനായാലും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന ആത്മാർത്ഥത സർക്കാരിനുണ്ടായിരുന്നെങ്കിൽ ആ ആവശ്യത്തോട് അനുകൂല സമീപനം സ്വീകരിക്കുമായിരുന്നു.യോഗദണ്ഡും രുദ്രാക്ഷ മാലയും സ്വർണ്ണം പൂശാൻ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ മകന് നൽകിയ സംഭവത്തിലൂടെ ശബരിമലയിൽ സ്വർണം ചെമ്പായ കാലത്തെ രാഷ്ട്രീയ ഇടപെടലുകൾക്ക് കൂടുതൽ വ്യക്തതവന്നെന്നും സണ്ണി ജോസഫ് പറഞ്ഞു.

# കേരളത്തിന്റെ പൊതുവിതരണ ശൃംഖല മറ്റുസംസ്ഥാനങ്ങൾക്ക് മാതൃക: മന്ത്രി കെ എൻ ബാലഗോപാൽ

കേരളത്തിന്റെ പൊതുവിതരണ ശൃംഖല മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും വിലക്കയറ്റം തടയുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ മെഷനറികൾ വഹിക്കുന്ന പങ്ക് വലുതാണെന്നും ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. ഭക്ഷ്യ പൊതുവിതരണ വകുപ്പ് നിശാഗാന്ധിയിൽ നടത്തിയ വിഷൻ 2031 സംസ്ഥാനതല സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനം ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നത് അതിവിശാലമായ പൊതുവിതരണ ശൃംഖലയുടെ കരുത്തിലാണ്. വിപുലമായ റേഷൻ കടകളുടെ ശൃംഖല, സപ്ലൈകോ, കൺസ്യൂമർ ഫെഡ് തുടങ്ങി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കുന്ന വിപണന ശൃംഖലകൾ, ഹോർട്ടി കോർപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ തുടങ്ങി ഏജൻസികൾ, പാൽ ഉൽപന്നങ്ങൾ ഉറപ്പാക്കുന്ന മിൽമ, മത്സ്യസമ്പത്ത് ലഭ്യമാക്കുന്ന മത്സ്യഫെഡ് ഉൾപ്പെടെയുള്ള സഹകരണ മത്സ്യ സംഘങ്ങൾ, മാർക്കറ്റിംഗ് ആൻഡ് പ്രോസസിങ് സഹകരണ സംഘങ്ങൾ തുടങ്ങിയ അതിവിശാല വിതരണ ശൃംഖലയാണ് കേരളത്തിന്റെ ഭക്ഷ്യസുരക്ഷയുടെ ആണിക്കല്ല്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ ഇടപെടൽ വിജയകരമായി നടപ്പാക്കാമെന്നതിന്റെ ഉദാഹരണമായിരുന്നു ഇത്തവണത്തെ ഓണക്കാലം. ഓണവിപണിയിൽ ഒരു സാധനത്തിനും ഉത്സവക്കാല വിലവർധന ഉണ്ടായില്ല. കേന്ദ്ര സർക്കാരിന്റെ ഒരുവിധ സഹായവും ഉണ്ടായില്ല. ഓപ്പൺ മാർക്കറ്റിൽനിന്ന് അരി ശേഖരിച്ച് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും കൂടുതൽ അരി ലഭ്യമാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്. സപ്ലൈകോ ഔട്ട്ലെറ്റുകളിൽ 20 കിലോഗ്രാം അരി വീതം 25 രൂപ നിരക്കിലാണ് നൽകിയത്. ഒരു കുടുംബത്തിന് 44 കിലോ അരി വരെ സൗജന്യ നിരക്കിലും ന്യായ വിലയിലും ലഭ്യമാക്കി.

വിലക്കയറ്റ കണക്ക് പരിശോധിച്ചാലും കേരളത്തിലെ ശക്തമായ വിപണി ഇടപെടലിന്റെ ഫലങ്ങൾ വ്യക്തമാകും. 2011 പണപ്പെരുപ്പ ഇൻഡക്സ് 10 ശതമാനം കടന്നിരുന്നു. 2013ൽ അത് 14 ശതമാനം കടന്നു. 2016 ആയപ്പോഴേയ്ക്കും പണപ്പെരുപ്പ ഇൻഡക്സ് 5 ശതമാനത്തിലെത്തി. 2024ൽ 4.4 ശതമാനമാണ് രേഖപ്പെടുത്തിയത്. പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ റാങ്കിങ്ങിൽ കാർഷികവ്യവസായ മേഖലകളിൽ മുന്നിൽ നിൽക്കുന്ന പല സംസ്ഥാനങ്ങൾക്കും താഴെയാണ് നമ്മുടെ സ്ഥാനം.

സപ്ലൈകോ വഴിയും റേഷൻ കടകൾ വഴിയും വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിൽ വലിയ പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. പൊതുവിതരണ ശൃംഖല വഴി പ്രതിമാസം 1.19 ലക്ഷം മെട്രിക് ടൺ ധാന്യമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമെയാണ് ഉത്സവ കാലങ്ങളിൽ അധികമായി സ്പെഷ്യൽ അരിയും മറ്റും വിതരണം ചെയ്യുന്നത്.

ഭക്ഷ്യഭദ്രതയിൽനിന്ന് പോഷകാഹാര ഭദ്രതയിലേക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. മുട്ടയുടെയും പാലിന്റെയും ഇറച്ചിയുടെയും മീനിന്റെയും ഉൽപാദനം കൂടുതൽ വർധിപ്പിക്കണം. സ്വയംപര്യാപ്ത ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അവയിലേക്ക് എത്തിച്ചേരാൻ ആവുന്നില്ലെന്നും ആ മേഖലയിൽ കൂടുതൽ പരിശ്രമങ്ങൾ ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് മുഖ്യാതിഥിയായി. ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി എം ജി രാജമാണിക്യം വകുപ്പിന്റെ ഒമ്പത് വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ധനകാര്യ കമ്മീഷൻ ചെയർമാൻ കെ എൻ ഹരിലാൽ, ഐ ഐ ടി ഡൽഹി പ്രൊഫസർ ഋതിക എസ് ഖേര, ആസൂത്രണ ബോർഡംഗം രവി രാമൻ, ഭക്ഷ്യ കമ്മീഷൻ ചെയർമാൻ ഡോ ജിനു സക്കറിയ ഉമ്മൻ, സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ, ലീഗൽ മെട്രോളജി കൺട്രോളർ ജെ കിഷോർ കുമാർ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഹിമ കെ , റേഷനിംഗ് കൺട്രോളർ ജ്യോതികൃഷ്ണ ബി തുടങ്ങിയവർ പങ്കെടുത്തു.

# ഭക്ഷ്യഭദ്രതയിൽ നിന്നും പോഷകാഹാര ഭദ്രതയിലേക്ക് സംസ്ഥാനം മാറും : മന്ത്രി ജി ആർ അനിൽ

സംസ്ഥാനം എഴുപത്തഞ്ചാം വയസിലേക്ക് കടക്കുമ്പോൾ എല്ലാവർക്കും മതിയായ പോഷകാഹാരം ഉറപ്പുവരുത്തുകയാണ് സർക്കാർ ലക്ഷ്യമെന്ന് ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രി ജി ആർ അനിൽ. വിഷൻ 2031ന്റെ ഭാഗമായി തിരുവനന്തപുരത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിൽ വകുപ്പിന്റെ ഭാവി വികസനരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഒരാളും പട്ടിണികിടക്കാത്ത കേരളം സൃഷ്ടിക്കാൻ കഴിഞ്ഞത് അഭിമാനകരമാണെന്നും ഉപഭോക്തൃ സംസ്ഥാനമായിട്ടും സംസ്ഥാനം കൈവരിച്ച ഭക്ഷ്യഭദ്രത ലോകം മുഴുവൻ അംഗീകരിക്കുന്ന കേരള മോഡലിന്റെ അടിസ്ഥാനശിലകളിലൊന്നാണെന്നും അദ്ദേഹം പറഞ്ഞു.

വിവിധ പ്രായവിഭാഗങ്ങളുടെ പ്രത്യേക ഭക്ഷണ ആവശ്യകതകൾ പരിഗണിക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പോഷകസമൃദ്ധമാക്കുക. പാൽ, ഇറച്ചി, ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പോഷകഭദ്രത ഉറപ്പാക്കുന്ന ലൈഫ് സൈക്കിൾ അപ്രോച്ചിലേക്ക് വിദ്യാർത്ഥി സമൂഹത്തെ കൊണ്ടുവരിക, ആദിവാസി വിഭാഗങ്ങൾ, ഗർഭിണികൾ/അമ്മമാർ, കുട്ടികൾ, മുതിർന്ന പൗരന്മാർ, മത്സ്യബന്ധന തൊഴിലാളികൾ എന്നിവർക്ക് ആവശ്യമായ പോഷകാഹാരനയം രൂപീകരിക്കുക, 'ഭക്ഷണം അവകാശമാണ് ' എന്നതിൽ നിന്ന് 'പോഷകാഹാരം അവകാശമാണ് ' എന്ന തലത്തിലേക്ക് പദ്ധതിയെ ഉയർത്തുക തുടങ്ങിയവയാണ് വകുപ്പിന്റെ വിഷൻ 2031 ഭാവി വികസന പദ്ധതികൾ.

'പാകം ചെയ്ത ഭക്ഷണം' ആവശ്യമെങ്കിൽ അർഹരായവരെ കണ്ടെത്തി സൗജന്യമായി വിതരണം ചെയ്യാൻ സാധിക്കുന്ന തരത്തിൽ സുഭിക്ഷാ ഹോട്ടലുകൾ വിപുലീകരിക്കും. നിരവധി കുടുംബങ്ങൾ ഒരുമിച്ച് ചേർന്ന് ഭക്ഷണം പാചകം ചെയ്യുന്ന കൂട്ടടുക്കളകൾ സ്ഥാപിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകും. സാമൂഹ്യ ബന്ധങ്ങളും ഐക്യവും വളർത്താനും ഒറ്റപ്പെട്ടു പോകുന്നവർക്ക് കുറഞ്ഞ ചെലവിൽ പോഷക സമൃദ്ധമായ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുവാനും ഇതിലൂടെ സാധിക്കുമെന്നും വികസനരേഖ അവതരിപ്പിച്ച് മന്ത്രി പറഞ്ഞു.

സപ്ലൈകോയുടെ എല്ലാ ഡിപ്പോ ഗോഡൗണുകളും ശാസ്ത്രീയ ഗോഡൗണുകളാക്കി മാറ്റുക, കോൾഡ് സ്റ്റോറേജ് സംവിധാനം ഉൾപ്പെടെ ആധുനിക രീതിയിലുള്ള സംഭരണ പരിപാലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക, ലീഗൽ മെട്രോളജി രംഗത്ത് വ്യാപാരി-വ്യവസായി സമൂഹത്തിന് അനായാസം പാലിക്കാൻ കഴിയുന്ന വിധത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് അളവുതൂക്ക നിയമങ്ങൾ നടപ്പിലാക്കുക, നിയമങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കുന്നതോടൊപ്പം വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയും വകുപ്പിന്റെ ലക്ഷ്യങ്ങളാണ്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിലവിലുള്ള ബയോമെട്രിക് ഓതന്റിക്കേഷന് പുറമെ, ഫേഷ്യൽ റെക്കഗ്നിഷൻ/ഐറിസ് സ്കാനറുകൾ ഉപയോഗിച്ച് റേഷൻ വിഹിതത്തിന്റെ വിതരണം മുടക്കമില്ലാതെ നടത്താനും സംഭരണ ഗോഡൗണുകളിലും ചരക്ക് വാഹനങ്ങളിലും വിവിധ സെൻസറുകൾ സ്ഥാപിച്ച് താപനില, ഈർപ്പം, കീടങ്ങളുടെ സാന്നിധ്യം എന്നിവ നിരീക്ഷിച്ച് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതും പരിഗണനയിലാണ്.

ഭക്ഷ്യഭദ്രത പോഷകാഹാര ഭദ്രതയായി മാറേണ്ടത് അനിവാര്യമാണ്.